# പിഎസ്‌സി ബുള്ളറ്റിൻ

SINCE 1985

PSC Bulletin, Official Publication of Kerala Public Service Commission

Vol. 26 | Issue 24 | Fortnightly | August 15, 2015 | Page 24 | ₹ 5




## ലൈൻമാൻ

പൊതുമരാമത്ത്
(ഇലക്ട്രിക്കൽ വിഭാഗം)

## ജൂനിയർ കൺസൾട്ടന്റ്

(ഫോറൻസിക് മെഡിസിൻ)
ആരോഗ്യം

## ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ്

(ഗവ. പോളിടെക്നിക്)
സാങ്കേതിക വിദ്യാഭ്യാസം
ഉൾപ്പെടെ

**24**

തസ്തികകളിൽ
വിജ്ഞാപനം

## പിഎസ്‌സി ബുള്ളറ്റിൻ സർക്കുലേഷൻ വർധന നിരക്ക് ഏറ്റവും കൂടുതൽ ആലപ്പുഴ ജില്ലയിൽ

പിഎസ്‌സി ബുള്ളറ്റിനിന്റെ സർക്കുലേഷൻ 17 ശതമാനം വർധിച്ചു. ആലപ്പുഴ ജില്ലയിലാണ് പിഎസ്‌സി ബുള്ളറ്റിനിന്റെ സർക്കുലേഷനിൽ ഏറ്റവും കൂടുതൽ പുരോഗതിയുണ്ടായത്. കരുനാഗപ്പള്ളി, ഹരിപ്പാട്, ഭരണിക്കാവ്,കലവൂർ,എലമ്പള്ളി,പുലമന്തോൾ,ചിത്താരിപറമ്പ്, കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽക്കൂടി ഏജൻസി നിലവിൽ നിലവിൽവന്നു. ഉദ്യോഗാർഥികളുടെ കൂട്ടായ്മകൾക്ക് ലളിതമായ നടപടിക്രമങ്ങളിലൂടെ ഏജൻസിയെടുക്കാൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി പേര്, വിലാസം എന്നിവ സഹിതം പബ്ളിക് റിലേഷൻസ് ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം–4 എന്ന വിലാസത്തിലേക്ക് കത്തെഴുതുകയോ, kpscbulletin@gmail.com. എന്ന ഇ–മെയിൽ വിലാസത്തിലേക്ക് മെയിൽ അയയ്ക്കുകയോ ചെയ്താൽ ഏജൻസി വ്യവസ്ഥകളും അപേക്ഷാ ഫാറവും അയച്ചുതരും. മൂന്നൂറ് രൂപയാണ് ഏജൻസി അനുവദിക്കുന്നതിനുള്ള മിനിമം ഡിപ്പോസിറ്റ്. 300 കോപ്പികളിൽ കൂടുതൽ വാങ്ങുന്ന ഏജന്റുമാർക്ക് കൂടുതൽ കമ്മീഷൻ ലഭിക്കും. ആസ്ഥാന ഓഫീസിലെ പബ്ളിക് റിലേഷൻസ് വിഭാഗത്തിൽ നേരിട്ട് പണമടച്ച് ഏജൻസി എടുക്കാനും സാധിക്കും. സംസ്ഥാനത്തെ എല്ലാ പ്രമുഖ ബുക്സ്റ്റാളുകളിലും ബുള്ളറ്റിൻ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. സർക്കാർ ആഭിമുഖ്യത്തിലുള്ള കരിയർ ഗൈഡൻസ് സ്ഥാപനങ്ങളിലെ വിദ്യാർഥികൾക്ക് ബുള്ളറ്റിൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടുതൽ വിവരങ്ങൾക്ക് 0471 2546270.






## ഒറ്റത്തവണ രജിസ്ട്രേഷൻ ഫോട്ടോ സംബന്ധിച്ച നിർദ്ദേശങ്ങൾ

1.1.2012 മുതൽ പ്രാബല്യത്തിലുള്ള വൺ–ടൈം രജിസ്ട്രേഷൻ, കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി നടത്തിയശേഷമാണ് ഉദ്യോഗാർത്ഥികൾ വിവിധ തസ്തികകൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ പരീക്ഷാർത്ഥികൾ താഴെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1. **ഫോട്ടോയിൽ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും പതിച്ചിരിക്കണം.**
2. **കമ്മീഷൻ പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ പ്രകാരം ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുമ്പോൾ അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോയ്ക്ക് 10 വർഷത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും.**
3. പരീക്ഷാർത്ഥിയുടെ മുഖവും തോളുകളുടെ മുകൾഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള പാസ്പോർട്ട് സൈസിലുള്ള കളർ/ബ്ലാക്ക് & വൈറ്റ് ഫോട്ടോയായിരിക്കണം.
4. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ ഇളം നിറത്തിലുള്ള വസ്ത്രം ധരിച്ച് എടുത്ത ഫോട്ടോയായിരിക്കണം.
5. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം.
6. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
7. അപ്‌ലോഡ് ചെയ്യുന്ന ഫോട്ടോകൾ 200 പിക്സെൽ h x 150 പിക്സെൽ w ഉള്ളതും JPG ഫോർമാറ്റിലുള്ളതും 30 KB ഫയൽ സൈസിൽ അധികരിക്കാത്തതുമായിരിക്കണം.
8. സൺഗ്ലാസ്, തൊപ്പി എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധമുള്ളതും മുഖം വ്യക്തമല്ലാത്തതുമായ ഫോട്ടോകൾ സ്വീകാര്യമല്ല.
9. "മതാചാരത്തിന്റെ ഭാഗമായി തൊപ്പി/ശിരോവസ്ത്രം ധരിച്ച് എടുത്ത ഫോട്ടോ മറ്റ് നിർദ്ദേശങ്ങളനുസരിച്ചാണെങ്കിൽ സ്വീകാര്യമാണ്.

## വരിക്കാരുടെ ശ്രദ്ധയ്ക്ക്

**77749 വരെയുള്ള വരിക്കാരുടെ കാലാവധി ആഗസ്റ്റ് 15 ലക്കത്തോടെയാണ് അവസാനിക്കുന്നത്**

വരിസംഖ്യ (നൂറുരൂപ)

മണിയോർഡറായി അയക്കേണ്ട വിലാസം:

**പബ്ലിക് റിലേഷൻസ് ഓഫീസർ,**
**കേരള പബ്ലിക് സർവീസ് കമ്മിഷൻ,**
**പട്ടം പാലസ് പി. ഒ., തിരുവനന്തപുരം – 695004**

**വരിക്കാർ ബുള്ളറ്റിൻ സംബന്ധിച്ച് കത്തെഴുതുമ്പോഴും ഫോൺ ചെയ്യുമ്പോഴും ബുള്ളറ്റിനിന്റെ ലേബലിലുള്ള സബ്സ്ക്രൈബർ നമ്പർ കൃത്യമായി സൂചിപ്പിക്കേണ്ടതാണ്.**


## പത്രാധിപസമിതി

**ശ്രീ. അശോകൻ ചരുവിൽ – ചെയർമാൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ഡോ. കെ ഉഷ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ശ്രീ. പി ശിവദാസൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**ശ്രീമതി. സിമി റോസ്ബെൽ ജോൺ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
**അഡ്വ. ഇ രവീന്ദ്രനാഥൻ**
മെമ്പർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ



**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ശ്രീ. പ്രദീപ് കുമാർ. ബി. ജി, ഫോൺ :** *0471 2546368 OR 9446412483*
**സർക്കുലേഷൻ (പി.ആർ.യൂണിറ്റ്):** *0471 2546270*




# സംശയങ്ങൾക്ക് മറുപടി

## എൻ.ജെ.ഡി ഒഴിവുകൾ

**?** എൻ.ജെ.ഡി (Not Joining Duty) ആയി റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകൾ വീണ്ടും റൊട്ടേഷൻ ക്രമമനുസരിച്ചാണോ തിരഞ്ഞെടുക്കപ്പെടുന്നത്. ഒ.സി (open competition) ക്കുപകരം ഒസിക്കു മാത്രമേ നിയമന ശുപാർശ നൽകുകയുള്ളോ?

**=** എൻജെഡിയായി അറിയിക്കപ്പെടുന്ന ഒഴിവുകൾ നികത്തുന്നത്, ഒഴിവുകൾ ഏതേത് ഊഴങ്ങളിലേതാണെന്ന് പരിശോധിച്ച് അതത് വിഭാഗങ്ങളിലെ ഉദ്യോഗാർഥികളെ പകരം നിയമിച്ചുകൊണ്ടാണ്. എൻജെഡിയായിട്ടുള്ള ഒഴിവ് ഒ.സി വിഭാഗത്തിൽപെട്ട ഉദ്യോഗാർഥിയുടേതാണെങ്കിൽ പകരം നിയമനത്തിന് ശുപാർശ ചെയ്യുന്നത് റാങ്ക് ലിസ്റ്റിലെ അടു ത്ത (ഏത് വിഭാഗത്തിൽപെട്ടതായാലും) ഉദ്യോഗാർഥിയെ ആയിരിക്കും. ബി സി വിഭാഗത്തിൽപെട്ട ഉദ്യോഗാർഥികളുടെ എൻജെഡി ഒഴിവുകൾ അതത് വിഭാഗത്തിലെ ഉദ്യോഗാർഥികളെ കൊണ്ടുതന്നെയാണ് നികത്തുന്നത്.

## നിശ്ചിത യോഗ്യത

**?** ഡിഗ്രി അവസാനവർഷ ഫലം കാത്തിരിക്കുന്നവർക്ക് ബന്ധപ്പെട്ട യോഗ്യതയുള്ള തൊഴിലിലേക്ക് അപേക്ഷ അയയ്ക്കാമോ?

**=** ഒരു തസ്തികയ്ക്ക് അപേക്ഷ അയയ്ക്കുമ്പോൾ അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയ്ക്കകം നിശ്ചിത യോഗ്യത നേടിയിരിക്കണം. അതായത് പരീക്ഷാഫലം പ്രസിദ്ധീകരിച്ചിരിക്കണം. ഫലം പ്രതീക്ഷിച്ചിരിക്കുന്നവർക്ക് അപേക്ഷിക്കാൻ അർഹതയില്ല.

## നേരിട്ടുള്ള നിയമനം

**?** വിജ്ഞാപനങ്ങളിൽ 'നേരിട്ടുള്ള നിയമനം' എന്നു കാണാറുണ്ട്. ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എഴുത്തുപരീക്ഷയില്ലാതെ ഇൻറർവ്യൂവിന്റെയോ മറ്റേതെങ്കിലും മാനദണ്ഡങ്ങളുടെയോ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് നടത്തുമെന്നാണോ?

**=** 'നേരിട്ടുള്ള നിയമനം' എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 'ഓപ്പൺ മാർക്കറ്റ്' ഉദ്യോഗാർത്ഥികളിൽ നിന്നുമുള്ള തെരഞ്ഞെടുപ്പ് എന്നാണ്. എൽഡി ക്ലാർക്ക് തുടങ്ങിയ ചില തസ്തികകളിലേക്ക് താഴ്ന്ന ശമ്പളനിരക്കിലുള്ള ജീവനക്കാരിൽ നിന്ന് നിയമനം നടത്തുന്നതിനായി 'ബൈ ട്രാൻസ്ഫർ' രീതിയിലും തെരഞ്ഞെടുപ്പ് നടത്താറുണ്ട്.

## ലീഗൽ അസിസ്റ്റന്റ്

**?** കാറ്റഗറി നമ്പർ 122/2013, 123/2013 പ്രകാരം നിയമ വകുപ്പിൽ ലീഗൽ അസിസ്റ്റന്റ് (ബൈട്രാൻസ്ഫർ) തസ്തികയിലേക്കുള്ള പരീക്ഷ എപ്പോൾ നടത്തും ?

**=** അപേക്ഷകളുടെ പ്രാഥമിക പരിശോധന കഴിഞ്ഞു. പരീക്ഷ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## ഫിനാൻഷ്യൽ അസിസ്റ്റന്റ്

**?** കേരള ജനറൽ സർവ്വീസിൽ ഫിനാൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള അടുത്ത വിജ്ഞാപനം ഈ വർഷം ഉണ്ടാകുമോ ?

**=** അടുത്ത വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല

## ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ്

**?** ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് എപ്പോൾ നടത്തും?

**=** വിവരണാത്മക രീതിയിൽ നടന്നു വന്നിരുന്ന ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ് ഒബ്ജക്ടീവ് മാതൃകയിൽ (ഒ.എം.ആർ മൂല്യനിർണ്ണയം) നടത്തുന്നതിനുവേണ്ടി ഇത് സംബന്ധമായ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾവരുത്തുന്നതിന് സർക്കാരിലേക്ക് കത്ത് അയച്ചിരിക്കുകയാണ്. അതിന് മറുപടി ലഭിക്കുന്ന മുറയ്ക്ക് അടുത്ത പരീക്ഷ നടത്തുന്നതാണ്.

**പദവിയിലിരിക്കെ മരിച്ച ആദ്യ അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡന്റ് എബ്രഹാം ലിങ്കണാണോ?**

**=** പദവിയിലിരിക്കെ മരിച്ച ആദ്യ യു.എസ്. പ്രസിഡന്റ് വില്യം ഹെൻറി ഹാരിസൺ ആണ്(1841). വധിക്കപ്പെട്ട ആദ്യ യു.എസ്. പ്രസിഡന്റ് എബ്രഹാം ലിങ്കൺ ആണ്(1865). വധിക്കപ്പെട്ട മറ്റ് യു.എസ്. പ്രസിഡന്റുമാരാണ് ജെയിംസ് ഗാർഫീൽഡ് (1881), വില്യം മക്കിൻലി (1901), ജോൺ എഫ് കെന്നഡി (1963) എന്നിവർ.

**ഇന്ത്യൻ ഉപഭൂഖണ്ഡത്തിനുവെളിയിൽ പൗരത്വമുണ്ടായിരുന്ന ആദ്യ ഭാരതരത്ന ജേതാവ് ആരാണ്?**

**=** ഇന്ത്യൻ ഉപഭൂഖണ്ഡത്തിനുവെളിയിൽ പൗരത്വമുണ്ടായിരുന്ന ആദ്യ ഭാരതരത്ന ജേതാവ് നെൽസൺ മണ്ടേല (1990) ആണ്. ദക്ഷിണാഫ്രിക്കയാണ് അദ്ദേഹത്തിന്റെ സ്വദേശം. ഭാരതരത്ന നേടിയ ആദ്യ വിദേശി ഖാൻ അബ്ദുൾ ഗാഫർ ഖാൻ(1987) ആണ്. ഇന്ത്യക്കുവെളിയിൽ ജനിച്ച, ഭാരതരത്ന നേടിയ ആദ്യ വ്യക്തി മദർ തെരേസ(മേരി ആഗ്നസ് ബൊജാക്സ്ഹ്യൂ)യാണ് (1980). യൂറോപ്പിലെ മുൻയുഗോസ്ലാവ്യയുടെ ഘടകമായിരുന്ന മാസിഡോണിയയിലുള്ള സ്കോപ്ജെ (Skopje) എന്ന സ്ഥലത്ത് ജനിച്ച അവർക്ക് ആർജിത ഇന്ത്യൻ പൗരത്വമുണ്ടായിരുന്നു.

## ഡീബാർ ചെയ്തു

പരീക്ഷാഹാളിൽ മൊബൈൽ ഫോൺ ഉപയോഗിച്ചു എന്ന കാരണത്തിന് തിരുവനന്തപുരം ജില്ലയിൽ ആര്യനാട്, കുളപ്പട, തോളൂർമേക്കുംകര പുത്തൻ വീട്ടിൽ സന്തോഷ് ആർബർട്ടിനെ 30–06–2015 മുതൽ മൂന്ന് വർഷത്തേക്ക് ഡീബാർ ചെയ്തു.

# ചെയർമാനും കമ്മീഷനംഗങ്ങളും മുഖ്യമന്ത്രിയെ ധനവിനിയോഗം സംബന്ധമായ വിവരങ്ങൾ ധരിപ്പിച്ചു

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ധനവിനിയോഗം സംബന്ധിച്ച നിജസ്ഥിതി സർക്കാരിനെ ധരിപ്പിക്കുന്നതിന്റെ ഭാഗമായി കമ്മീഷന്റെ ഐകകണ്ഠമായ തീരുമാനപ്രകാരം ചെയർമാനും കമ്മീഷൻ അംഗങ്ങളും ആഗസ്റ്റ് 5–ന് മുഖ്യമന്ത്രിയെ സന്ദർശിച്ചു ചർച്ച നടത്തി.



കമ്മീഷന്റെ പ്രവർത്തനം സുഗമമായി കൊണ്ടുപോകുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഉടൻ അനുവദിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പു നൽകി. കമ്മീഷന്റെ കാര്യക്ഷമതയിലും കൃത്യതയിലും സർക്കാരിന് പൂർണ്ണ വിശ്വാസമാണെന്ന് അപ്പോൾ സന്നിഹിതരായിരുന്ന മാധ്യമങ്ങളോട് പറഞ്ഞ മുഖ്യമന്ത്രി പി.എസ്.സി.യിലാണ് ജനങ്ങൾക്ക് കൂടുതൽ വിശ്വാസമുള്ളതെന്നും സർക്കാരിന് പി.എസ്.സി. യുടെ പ്രവർത്തനത്തിൽ മതിപ്പാണെന്നും കൂട്ടിച്ചേർത്തു.

പി.എസ്.സി. യിൽ സാമ്പത്തിക വിഭാഗത്തിന്റെ അന്വേഷണത്തിന് ഉത്തരവു നൽകിയിട്ടില്ല എന്ന് അദ്ദേഹം വ്യക്തമാക്കി. പി.എസ്.സി.യ്ക്ക് എതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് കേവലം ഒരു ലോക്കൽ പരിശോധന മാത്രമാണ് ഉത്തരവിട്ടതെന്ന് വിശദീകരിച്ചു.

27–07–2015 ലെ G.O.(Rt) 6922/2015/Fin നമ്പർ പ്രകാരം ഫിനാൻസ് വിഭാഗം ഇറക്കിയ ഉത്തരവ് ദുരുപദിഷ്ടവും തെറ്റിദ്ധാരണാ ജനകവും വസ്തുതാ വിരുദ്ധവുമാണെന്ന് ചെയർമാനും അംഗങ്ങളും രേഖകൾ സഹിതം മുഖ്യമന്ത്രിയെ ബോദ്ധ്യപ്പെടുത്തി.

1. പബ്ലിക് സർവ്വീസ് കമ്മീഷന്റെ 7.543 കോടി രൂപ അനധികൃതമായി വകമാറ്റി ചെലവു ചെയ്തു എന്നതാണ് ഒരാക്ഷേപം എന്നാൽ റിഅപ്രോപ്പ്രിയേഷനുള്ള സർക്കാർ ഉത്തരവ് പ്രകാരം 9.6 കോടി രൂപയുടെ അനുമതി നൽകിയിരുന്നു. ഇത് മറച്ചുവച്ചുകൊണ്ടാണ് ദുരുദ്ദേശത്തോടെ ഈ ഉത്തരവിറക്കിയത്.
2. ഈ സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ അഡീഷണൽ ഗ്രാന്റായി അനുവദിച്ചു എന്നാണ് ഉത്തരവിൽ പറയുന്നത് എന്നാൽ G.O.(Rt) 6641/2015/Fin dated 17-07-2015 പ്രകാരം 2 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. വസ്തുത ഇതായിരിക്കെ തികച്ചും തെറ്റായ ഒരു കാര്യം ധനകാര്യ വകുപ്പ് ഉത്തരവിലുൾപ്പെടുത്തിയാണ് തെറ്റിദ്ധാരണ പരത്തിയത്.
3. ധനവകുപ്പിന്റെ ഉത്തരവിൽ യാതൊരു തത്ത്വദീക്ഷയുമില്ലാതെ പി.എസ്.സി. പണം ചെലവഴിക്കുന്നു എന്നാണ് ഒരാക്ഷേപം. എന്നാൽ 2014 ഓഗസ്റ്റ് 31 വരെയുള്ള പി.എസ്.സി. സാമ്പത്തിക ഇടപാടുകൾ ഓഡിറ്റു ചെയ്ത കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ പറയുന്നത് യാതൊരു വിധത്തിലുള്ള മേജർ irregularity ഇല്ല എന്നാണ്.
4. കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഒരു ഗവൺമെന്റ് ഏജൻസി എന്നാണ് ഉത്തരവിൽ വിശേഷിപ്പിച്ചിരിക്കുന്നത്. ഭരണഘടനയിൽ പരാമർശിക്കുന്ന വിഷയങ്ങളെപ്പറ്റിയുള്ള കുറ്റകരമായ അജ്ഞതകൊണ്ടാവും ഭരണഘടനാസ്ഥാപനമായ കേരള പബ്ലിക് സർവ്വീസ് കമ്മീഷനെ ഒരു സർക്കാർ ഏജൻസി എന്ന് ധകാര്യ വകുപ്പ് വിശേഷിപ്പിച്ചത് എന്ന് കണക്കാക്കാവുന്നതാണ്.

ഭരണഘടനാ സ്ഥാപനങ്ങളുടെ സാമ്പത്തിക ക്രയവിക്രയങ്ങളെക്കുറിച്ച് സൂക്ഷ്മ പരിശോധന നടത്തി ശരി തെറ്റുകൾ ചൂണ്ടിക്കാണിക്കാൻ ഭരണഘടന ചുമതലപ്പെടുത്തിയ മറ്റൊരു ഭരണഘടനാ സ്ഥാപനമാണ് സി.എ.ജി. എന്നുമാത്രമല്ല ഒരു ഭരണഘടനാസ്ഥാപനത്തിന്റെ പ്രവർത്തനത്തെ എക്സിക്യൂട്ടീവിന്റെ അനധികൃതമായ ഇടപെടൽ മൂലം തടസ്സപ്പെടാതിരിക്കുന്നതിനുവേണ്ടിയാണ് ഭരണഘടനാ ശിൽപ്പികൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ചാർജ്ജ്ഡ് ഇനത്തിൽ ഫണ്ട് നൽകണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്.

കേരള പബ്ളിക് സർവീസ് കമ്മിഷൻ ഒരു ഉദ്യോഗാർത്ഥിയ്ക്ക് വേണ്ടി ഒ.എം.ആർ പരീക്ഷയ്ക്ക് 107 രൂപ ചെലവഴിക്കുന്നു. കഴിഞ്ഞവർഷം 51.6 ലക്ഷം ഉദ്യോഗാർത്ഥികൾക്കാണ് ഒ.എം.ആർ പരീക്ഷ നടത്തിയത്. ഇതിനു മാത്രം 55 കോടി രൂപയാണ് ചെലവായത്. കായികക്ഷമതാ പരീക്ഷകളും അഭിമുഖവും കൂടി വരികയാണെങ്കിൽ പരീക്ഷ ചെലവ് കൂടാതെ ഒരു ഉദ്യോഗാർത്ഥിയ്ക്ക് 439 രൂപ കൂടി ചെലവാകുന്നുണ്ട്.

ഇതിൽ നിന്നും ഒരു വർഷം കേരള പബ്ളിക് സർവീസ് കമ്മിഷന്റെ ചെലവ് ഊഹിക്കാവുന്നതാണ്. കഴിഞ്ഞ വർഷം 804 റാങ്ക് ലിസ്റ്റുകളിലായി 107818 പേരെ ഉൾപ്പെടുത്തിയ കാര്യവും സൂചിപ്പിക്കട്ടെ. രണ്ട് വർഷമായി കുടിശ്ശികയായിരുന്ന എസ്.സി./എസ്.ടി. സ്പെഷ്യൽ റിക്രൂട്ട്മെന്റ് അടക്കമുള്ള നിയമന കുടിശ്ശികകൾ തീർത്ത് യുണിഫോംഡ് ഫോഴ്സിലേക്ക് വാർഷിക തെരഞ്ഞെടുപ്പും എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ് ഗ്രേഡ് സർവന്റ്സ്, അസിസ്റ്റന്റ്/ഓഡിറ്റർ, പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ള തെരഞ്ഞെടുപ്പുകളുടെ റാങ്ക് പട്ടികകൾ 3 വർഷ കാലാവധി തികയുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കാൻ പബ്ളിക് സർവീസ് കമ്മിഷന് കഴിഞ്ഞു.

ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ നിർമ്മിക്കണമെന്നുള്ളത് 2013 ലെ പി.എസ്.സി. ചെയർമാൻമാരുടെ സമ്മേളനത്തിൽ യു.പി.എസ്.സി. ചെയർമാന്റെ നിർദ്ദേശമായിരുന്നു. അതുപ്രകാരം ഇന്ത്യയിലെ ഓൺലൈൻ പരീക്ഷാ സമ്പ്രദായത്തെപ്പറ്റി പഠിക്കുന്നതിന് പി.എസ്.സി. അംഗങ്ങളായ പ്രൊഫ. (ഡോ.) എൻ.സെൽവരാജ്, ശ്രീ. യു.സുരേഷ്കുമാർ, ഡോ. പി.മോഹൻദാസ് എന്നിവരെ ചുമതലപ്പെടുത്തുകയും അവർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമവും ചട്ടവും അനുശാസിക്കുന്ന വിധത്തിൽ സ്വന്തമായി ഓൺലൈൻ പരീക്ഷാ കേന്ദ്രം നിർമ്മിക്കാൻ തീരുമാനിച്ചത്. ഈ കാര്യം കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തി 5 കോടി വകയിരുത്തുകയും ചെയ്തു.

5 കോടി കൂടാതെ തിരുവനന്തപുരം, എറണാകുളം, പത്തനംതിട്ട എന്നീ മൂന്ന് കേന്ദ്രങ്ങൾ നിർമ്മിതിക്കാവശ്യമായ തുക 4.68 കോടി രൂപ ചട്ടപ്രകാരം ഒ.ഇ. യിൽ നിന്ന് എടുത്ത് ചെലവഴിക്കാൻ കമ്മീഷൻ തീരുമാനിച്ചു. അതേ സമ്പ്രദായത്തിലാണ് മലബാറിലെ 6 ജില്ലകൾക്കുവേണ്ടി കോഴിക്കോട് ഓൺലൈൻ പരീക്ഷാ കേന്ദ്രത്തിന്റെയും പണി തുടർന്നത്.

കൂടാതെ ഉദ്യോഗാർത്ഥികളുടെ സൗകര്യത്തിനുവേണ്ടി മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ നിർദ്ദേശ പ്രകാരം ആസ്ഥാന ആഫീസിൽ നടത്തിക്കൊണ്ടിരുന്ന സംസ്ഥാനതല തെരഞ്ഞെടുപ്പുകളുടെ അഭിമുഖ പരീക്ഷകൾ ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിലേക്ക് വികേന്ദ്രീകരിച്ച് നടത്തുന്നതിന് തീരുമാനിച്ചു.

ഈ പ്രവർത്തനങ്ങൾ സഫലമാകണമെങ്കിൽ കമ്മീഷൻ ആവശ്യപ്പെട്ടിരിക്കുന്ന 261 കോടി ലഭിക്കുക തന്നെ വേണം. ആവശ്യപ്പെട്ടതിന്റെ പകുതി മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്. ആവശ്യമായ തുക ഉടൻ അനുവദിക്കുമെന്ന് ധനകാര്യ മന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ●

# യോഗ്യതയ്ക്ക് അനുസരിച്ച് മാത്രം അപേക്ഷ സമർപ്പിക്കുക

**കെ.സുരേഷ്കുമാർ**
**കൺട്രോളർ ഓഫ് എക്സാമിനേഷൻസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

ഒറ്റത്തവണ രജിസ്ട്രേഷൻ മുഖേന അപേക്ഷകൾ സമർപ്പിക്കുമ്പോൾ ഗസറ്റു വിജ്ഞാപനത്തിലെ യോഗ്യതകൾക്ക് തത്തുല്യമായവയുള്ള ഉദ്യോഗാർത്ഥികൾക്ക് സ്വന്തം പ്രൊഫൈലിൽ അവകാശപ്പെട്ടിരിക്കുന്ന യോഗ്യതകളിൽ ഏതാണോ വിജ്ഞാപത്തിലേതിന് തത്തുല്യം എന്ന് പ്രൊഫൈലിലൂടെ രേഖപ്പെടുത്തിക്കൊണ്ട് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകിയിട്ടുണ്ട്. വിജ്ഞാപനത്തിൽ നിഷ്കർഷിക്കുന്ന യോഗ്യതകൾക്ക് തത്തുല്യമായവയുള്ള ഉദ്യോഗാർത്ഥികൾക്ക് അവസരം നഷ്ടപ്പെടാതിരിക്കുന്നതിനാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

എന്നാൽ, ഈ സംവിധാനം നിരവധി ഉദ്യോഗാർത്ഥികൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. അടിസ്ഥാന പൊതു വിദ്യാഭ്യാസ യോഗ്യതകൾ മാത്രമുള്ളവർ മെഡിക്കൽ, എഞ്ചിനീയറിംഗ്, മറ്റ് പ്രൊഫഷണൽ, സാങ്കേതിക ബിരുദങ്ങൾ വേണ്ട തസ്തികകൾക്കുപോലും ഈ സംവിധാനം ദുരുപയോഗം ചെയ്തുകൊണ്ട് അപേക്ഷകൾ സമർപ്പിക്കുന്നു. വളരെക്കുറച്ച് അപേക്ഷകൾ ഉള്ള തസ്തികകളുടെ പരീക്ഷ നടത്തുന്നതിന് മുൻപായി സൂക്ഷ്മ പരിശോധന നടത്തുന്നതിനാൽ ഇത്തരക്കാരുടെ അപേക്ഷകൾ നിരസിക്കാൻ കഴിയുന്നുണ്ട്. എന്നാൽ, ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ അപേക്ഷിക്കുന്ന വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി.ക്ലാർക്ക്, ലാസ്റ്റ്ഗ്രേഡ് സർവന്റ്സ്, പി.എസ്.സി/സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്, അർബൻ അഫയേഴ്സിലെ മുനിസിപ്പൽ സെക്രട്ടറി, പോലീസ് വകുപ്പിൽ എസ്.ഐ. മുതലായ തസ്തികകൾക്ക് ലഭിക്കുന്ന എല്ലാ അപേക്ഷകളും സൂക്ഷ്മ പരിശോധന പൂർത്തിയാക്കി പരീക്ഷ നടത്തുക എന്നത് പ്രായോഗികമല്ലാത്തതിനാൽ അപേക്ഷകൾ സോപാധികമായി സ്വീകരിച്ചുകൊണ്ടാണ് കമ്മീഷൻ പരീക്ഷകൾ നടത്തുന്നത്. ഇങ്ങനെ പരീക്ഷകൾ നടത്തുമ്പോൾ ഒരു തസ്തികയ്ക്കായി അപേക്ഷിച്ച എല്ലാവരെയും കണക്കിലെടുത്തു വേണം പരീക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടത്. ഇങ്ങനെ ചെയ്യുമ്പോൾ വ്യാജ അപേക്ഷകർക്കു വേണ്ടിയും ചോദ്യപേപ്പറുകൾ പ്രിന്റ് ചെയ്യുക, പരീക്ഷാ കേന്ദ്രങ്ങൾ തിരഞ്ഞെടുക്കുക, പരീക്ഷകരെ നിയോഗിക്കുക, പരീക്ഷാ സാമഗ്രികളും ഉദ്യോഗസ്ഥരെയും എത്തിക്കുന്നതിനായി വാഹനങ്ങൾ ഏർപ്പെടുത്തുക എന്നിവയ്ക്കായി വളരെയധികം പാഴ്‌വ്യയം ചെയ്യേണ്ടിവരുന്നു.

അപേക്ഷ അയച്ചിട്ട് പരീക്ഷ എഴുതുന്നതിനായി ഉദ്യോഗാർത്ഥികൾ വർഷങ്ങൾ കാത്തിരിക്കേണ്ടുന്ന അവസ്ഥ ഇപ്പോൾ ഇല്ല എന്നുതന്നെ പറയാം. ആധുനിക സാങ്കേതിക വിദ്യകളുടെ ഫലപ്രദമായ ഉപയോഗം കാരണം പല തസ്തികകളുടെയും വിജ്ഞാപനത്തോടൊപ്പം തന്നെ പരീക്ഷാ തീയതിയും പ്രസിദ്ധീകരിക്കുന്നതിന് കമ്മീഷന് കഴിയുന്നുണ്ട്. ഇതുകാരണം ഉദ്യോഗാർത്ഥികൾക്ക് പരീക്ഷയ്ക്കായി മുൻകൂട്ടി തയ്യാറെടുക്കുന്നതിന് സാധിക്കുന്നുണ്ട്. ഇത്തരത്തിൽ പരീക്ഷാ തീയതി മുൻ കൂട്ടി അറിയിച്ചിട്ടുപോലും ഓരോ പരീക്ഷയ്ക്കും ശരാശരി 55 മുതൽ 60% പേർ മാത്രമാണ് ഹാജരാകുന്നത്. ഉദാഹരണത്തിന് 31-12-2014 ലെ ഗസറ്റു വിജ്ഞാപന പ്രകാരം അപേക്ഷകൾ ക്ഷണിച്ച പി.എസ്.സി. /സെക്രട്ടേറിയറ്റിലെ അസിസ്റ്റന്റ്, ഗ്രാമവികസന വകുപ്പിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, അർബൻ അഫയേഴ്സ് വകുപ്പിൽ മുനിസിപ്പൽ സെക്രട്ടറി എന്നീ തസ്തികകളുടെ വിജ്ഞാപനത്തോടൊപ്പം തന്നെ പരീക്ഷാതീയതിയും അറിയിച്ചിരുന്നു. ഇതിൽ അസിസ്റ്റന്റ് തസ്തികയുടെ പരീക്ഷ 2015 മെയ് മാസവും മുനിസിപ്പൽ സെക്രട്ടറി/ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി തസ്തികയുടെ പരീക്ഷ 2015 ജൂലൈ മാസവും നടത്തിയിരുന്നു. വിജ്ഞാപന തീയതി മുതൽ 5/7 മാസത്തിനകം നടത്തിയ ഈ പരീക്ഷകൾക്ക് ആകെ ഹാജരായത് യഥാക്രം 63.11%, 55.39% ഉദ്യോഗാർത്ഥികൾ മാത്രമാണ്. ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളാണ് പരീക്ഷയ്ക്ക് ഹാജരാകാതിരുന്നത്. കൃത്യമായി പറഞ്ഞാൽ അസിസ്റ്റന്റ് തസ്തികയ്ക്ക് 190950 ഉം മുനിസിപ്പൽ സെക്രട്ടറി തസ്തികയ്ക്ക് 241234 ഉദ്യോഗാർത്ഥികളും ഹാജരായിരുന്നില്ല. ആകെ (432184) എത്ര ഉദ്യോഗാർത്ഥികൾ ഹാജരാകും എന്ന് മുൻകൂട്ടി പറയുക അസാധ്യമായതിനാൽ മുൻപ് സൂചിപ്പിച്ച പ്രകാരം അപേക്ഷിച്ചവർക്കെല്ലാം പരീക്ഷയ്ക്കുള്ള ക്രമീകരണം ഏർപ്പെടുത്തിയിരുന്നു. ഈ രണ്ട് പരീക്ഷയ്ക്ക് മാത്രം ഹാജരാകാതിരുന്ന 432184 പേർക്കുവേണ്ടി ഏകദേശം 1800 കേന്ദ്രങ്ങളിൽ പരീക്ഷ എഴുതുന്നതിനുള്ള എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിനായി 1.67 കോടി രൂപയാണ് പിഎസ്.സി. യ്ക്ക് അനാവശ്യമായി ചെലവാക്കേണ്ടിവന്നത്. ഹാജരാകാതിരുന്നതിൽ ഏറിയ പങ്കും തെറ്റായി അപേക്ഷ സമർപ്പിച്ചവരാണ്. ഉദ്യോഗാർത്ഥികളുടെ നിരുത്തരവാദപരായ പ്രവൃത്തി കാരണം സർക്കാർ ഖജനാവിൽ നിന്നും എന്തുമാത്രം തുകയാണ് പാഴ്‌വ്യയം നടത്തേണ്ടിവരുന്നത് എന്ന് ഇതിൽ നിന്നു വ്യക്തമാണ്. പി.എസ്.സി. ഒരു വർഷം 400 ൽ കൂടുതൽ പരീക്ഷകൾ നടത്തുന്നുണ്ട്. ഓരോ പരീക്ഷയ്ക്കും ശരാശരി 40% പേർ ഹാജരാകുന്നില്ല. ഈ 40% ത്തിൽ ഭൂരിപക്ഷവും അനർഹരായവരാണ്. ഉദ്യോഗാർത്ഥികളുടെ നിരുത്തരവാദപരമായ പെരുമാറ്റത്തിന് മുഖ്യകാരണം അപേക്ഷ സൗജന്യമായി അയയ്ക്കാം എന്നുള്ളതാണെന്ന് കമ്മീഷൻ അനുമാനിക്കുന്നു.

ഇവിടെ ഉദ്യോഗാർത്ഥികൾ ഓർത്തിരിക്കേണ്ട ഒരു പ്രാഥമിക കാര്യമുണ്ട്. അർഹതയില്ലാത്ത ഒരു തസ്തികയ്ക്ക് അപേക്ഷിക്കുമ്പോൾ നിങ്ങൾക്ക് പണം ചെലവാകുന്നില്ലെങ്കിലും നിങ്ങൾ സമർപ്പിക്കുന്ന ഓരോ അപേക്ഷയ്ക്കുവേണ്ടിയും ഒ.എം.ആർ പരീക്ഷ നടത്തുന്നതിന് 107 രൂപയിൽ കൂടുതൽ പൊതുഖജനാവിൽ നിന്നും വിനിയോഗിക്കേണ്ടിവരുന്നു. കായികക്ഷമതാ പരീക്ഷ കൂടി നടത്തണമെങ്കിൽ ഇത് 429 രൂപയായും ഇന്റർവ്യൂ കൂടി നടത്തുകയാണെങ്കിൽ ഇത് 546 രൂപയായും വർദ്ധിക്കുന്നു. മനുഷ്യവിഭവശേഷി വേറെയും. വികസന പ്രവർത്തനങ്ങൾക്കും ദുർബ്ബല ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും മറ്റുമായി സർക്കാരിന് വിനിയോഗിക്കേണ്ടുന്ന പണമാണ് തെറ്റായി അപേക്ഷ സമർപ്പിക്കുന്നവർ കാരണം ഇത്തരത്തിൽ ദുർവ്യയം ചെയ്യപ്പെടുന്നത്. ഇത് പൊതുസമൂഹത്തോട് ചെയ്യുന്ന ഏറ്റവും വലിയ അപരാധം തന്നെയാണ്. ഒരു പൗരനും പൊതുഖജനാവിലെ പണം ദുർവ്യയം ചെയ്യുന്നതിന് അധികാരമില്ല എന്നകാര്യം ഓർത്തിരിക്കേണ്ടതാണ്. മാത്രമല്ല ഇത് ക്രിമിനൽ കുറ്റവുമാണ്. അപേക്ഷിക്കുന്നതിന് മുൻപ് തനിക്ക് ഈ തസ്തികയ്ക്ക് ആവശ്യമായ യോഗ്യത ഉണ്ട് എന്ന് ഉറപ്പാക്കിയതിനുശേഷം മാത്രമേ അപേക്ഷ സമർപ്പിക്കാവൂ എന്ന് ഓരോ ഉദ്യോഗാർത്ഥിയും ഈ അവസരത്തില ഓർമ്മിപ്പിക്കുന്നു.

അറിയാതെ അപേക്ഷിച്ചതാണെന്ന് ആരെങ്കിലും വാദം ഉന്നയിച്ചാൽ അത് അംഗീകരിക്കാനാവില്ല. കാരണം പ്രൊഫൈലിൽ അവകാശപ്പെട്ടിരിക്കുന്ന ഒരു യോഗ്യതയെ മറ്റേതെങ്കിലും യോഗ്യതയ്ക്ക് തുല്യമാക്കണമെങ്കിൽ നിങ്ങളുടെ പ്രൊഫൈലിലൂടെ തന്നെ ചില നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. അതായത് ബോധപൂർവ്വം മാത്രമേ ഒരു ഉദ്യോഗാർത്ഥിയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു. പ്രൊഫൈലിലൂടെ അവകാശപ്പെടുന്ന എത് കാര്യവും തെളിയിക്കുന്നതിനുള്ള പൂർണ്ണ ഉത്തവാദിത്വവും ബാധ്യതയും ഓരോ ഉദ്യോഗാർത്ഥിക്കുമുണ്ട്. യോഗ്യതകൾ സ്വന്തം പ്രൊഫൈലിൽ ചേർത്തതിനുശേഷം മാത്രമേ ആ യോഗ്യതയുടെ അടിസ്ഥാനത്തിൽ അപേക്ഷ സമർപ്പിക്കാവൂ. ഇല്ലാത്ത യോഗ്യതകൾ അവകാശപ്പെട്ട് വ്യാജ പ്രസ്താവന നടത്തി കമ്മീഷനെ തെറ്റിദ്ധരിപ്പിച്ച് പൊതുഖജനാവിലെ പണം ദുർവ്യയം ചെയ്യുന്ന ഇത്തരം ഉദ്യോഗാർത്ഥികളെ ഡീബാർ ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട് എന്ന് ഈ അവസരത്തിൽ ഓർമ്മിപ്പിക്കുക കൂടി ചെയ്യുന്നു. ●

## ഇൻറർവ്യൂ പ്രോഗ്രാം സെപ്തംബർ 2015

### കെപിഎസ്സി ആസ്ഥാന ആഫീസ്, പട്ടം, തിരുവനന്തപുരം

| sl. No | category No | Name of Post & Dept. | Date 2015 Sept. |
|---|---|---|---|
| 1. | 161/12 | LP School Assistant (Malayalam) NCA-ST - Education Department | 02,03,04 |
| 2. | 407/14 | Assistant Professor/Lecturer in Physiology - SR for PH (Locomotor disability, Cerebral Palsy) - Medical Edn Dept. | 02 |
| 3. | 496/11 | Asst. Engineer (Civil) - SR for SC/ST only-Harbour Engineering Dept. | 02 |
| 4. | 287/10 | Assistant Engineer (Mechanical) - Medical Education Dept. | 02,03,04, 09,10,11 |
| 5. | 477/13 | Assistant Engineer (Civil) (Special Recruitment for ST only) - Local Self Govt Dept. | 02 |
| 6. | 648/13 | Fitter-Kerala Water Authority - 3% Differently Abled | 02 |
| 7. | 695/14 | Higher Secondary School Teacher (Jr) Commerce (SR for ST only) - KHSE | 03 |
| 8. | 71/12 | Higher Secondary School Teacher (Jr) English (NCA - Muslim) - KHSE | 03 |
| 9. | 33/14 | Medical Officer (Visha) NCA -LC/AI - Indian Systems of Medicine | 04 |
| 10. | 34/14 | Medical Officer (Visha) NCA - Muslim - Indian Systems of Medicine | 04 |
| 11. | 615/12 | Pharmacist Gr.II (Ayurveda) NCA-Hindu Nadar - ISM/IMS/Ayurveda Colleges | 04 |
| 12. | 160/12 | LP School Assistant (Malayalam) NCA-SC - Education Department | 04,09,10 |
| 13. | 628/12 | Chief Personnel Officer- Kerala State Electricity Board | 04 |
| 14. | 230/14 | Guard Grade II (Ex-Servicemen only) NCA-LC/AI - KSRTC | 04 |
| 15. | 221/14 | Lecturer in Physics - NCA/ST - Collegiate Education Department | 04 |
| 16. | 160/14 | Laboratory Technical Assistant (Maintenance and Repairs of Domestic Appliances) By Transfer - VHSE | 04 |
| 17. | 582/14 | Higher Secondary School Teacher (Jr) Sociology (Special Recruitment for SC/ST) - KHSE | 09 |
| 18. | 461/10 | Reserve Sub Inspector Trainee/Armed Police Sub Inspector Trainee (Motor Transport Unit) - Police Dept. | 10 |
| 19. | 556/12 | Senior Superintendent/Accounts Officer/Development Officer/Inspector (SR for SC/ST)-Kerala State Insurance Dept | 11 |
| 20. | 602/12 | Senior Superintendent (SR for SC/ST) - Motor Vehicles Dept | 11 |

# തൊഴിൽ അവസരങ്ങൾ

വിവിധ തസ്തികകളിൽ നിയമനത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള വരിൽനിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള വിജ്ഞാപനം 10 - 08 - 2015 തീയതിയിലെ കേരള സർക്കാർ അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനങ്ങളുടെ **സംക്ഷിപ്ത രൂപം** ചുവടെ ചേർക്കുന്നു. ഉദ്യോഗാർത്ഥികൾ ഇതോടൊപ്പം ഗസറ്റും നോക്കേണ്ടതാണ്. ജനറൽ റിക്രൂട്ട്മെന്റിന് പിന്നാക്ക സമുദായങ്ങളിൽപ്പെട്ടവർക്ക് മൂന്നു വർഷവും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 5 വർഷവും വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. വയസ്സിളവിനെ സംബന്ധിച്ച **കൂടുതൽ വിവരങ്ങൾക്ക് ഗസററിലുള്ള പൊതുവ്യവസ്ഥകൾ നോക്കുക.**

**അസാധാരണ ഗസറ്റ് തീയതി: 10 – 08 – 2015 അവസാന തീയതി: 16 – 09 – 2015 രാത്രി 12 മണി വരെ**

## ഉദ്യോഗാർത്ഥികളുടെ ശ്രദ്ധയ്ക്ക്

**അപേക്ഷ സമർപ്പിക്കുന്ന രീതി:** ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.Keralapsc.gov.in. വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്തശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ User Id യും Pass word ഉം ഉപയോഗിച്ച് Login ചെയ്ത ശേഷം സ്വന്തം Profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link ലെ 'Apply Now' ൽ മാത്രം click ചെയ്യേണ്ടതാണ്. അപേക്ഷ ഫീസ് നൽകേണ്ടതില്ല. ആവശ്യമെങ്കിൽ രജിസ്ട്രേഷൻ കാർഡ് Link click ചെയ്ത് Profile ലെ വിശദാംശങ്ങൾ കാണുന്നതിനും പ്രിൻറ് ഔട്ട് എടുത്ത് സൂക്ഷിക്കുവാനും കഴിയും. Pass word രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പ് വരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

**താഴെ പറയുന്ന തസ്തികകളിലേക്കുള്ള തെരഞ്ഞെടുപ്പിന് എഴുത്തുപരീക്ഷ/ഒഎംആർ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് ഓൺലൈൻ സംവിധാനത്തിൽ കമ്മീഷൻെറ ഔദ്യോഗിക വെബ്സൈറ്റിലൂടെ നൽകുന്നതും, ഉദ്യോഗാർത്ഥികൾ അത് നിർദ്ദേശാനുസരണം ഡൗൺലോഡ് ചെയ്ത് പ്രിൻറ് എടുക്കേണ്ടതുമാകുന്നു.**

**ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത ഉദ്യോഗാർത്ഥികൾ ഒറ്റത്തവണ രജിസ്ട്രേഷൻ പൂർത്തിയാക്കിയതിന് ശേഷവും നിലവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലൂടെയും ഓൺലൈനായി കമ്മീഷന്റെ വെബ്സൈറ്റിലൂടെ അപേക്ഷ സമർപ്പിക്കേണ്ടതാണ്.**

## ജനറൽ റിക്രൂട്ട്മെന്റ് (സംസ്ഥാനതലം)

### കാറ്റഗറി നമ്പർ: 205/2015
### ജൂനിയർ കൺസൽട്ടന്റ് (ഫോറൻസിക് മെഡിസിൻ)
### ആരോഗ്യം
### പുനർവിജ്ഞാപനം

**1. വകുപ്പ്** : ആരോഗ്യം

**2 ഉദ്യോഗപ്പേര്** : ജൂനിയർ കൺസൽട്ടൻറ് (ഫോറൻസിക് മെഡിസിൻ)

**3 ശമ്പളം** : ₹ 24040–38840/

**4 ഒഴിവുകളുടെ എണ്ണം** : 2 (രണ്ട്)

**5 നിയമന രീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 18–42; ഉദ്യോഗാർത്ഥികൾ 02/01/1973–നും 01/01/1997നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ). പട്ടിക ജാതി, പട്ടിക വർഗ്ഗം മറ്റു പിന്നാക്ക വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമാനുസൃത വയസ്സിളവിന് അർഹതയുണ്ടായിരിക്കും.(വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** 1) മോഡേൺ മെഡിസിനിലുള്ള ബിരുദം (എം.ബി.ബി.എസ്) അല്ലെങ്കിൽ തത്തുല്യ യോഗ്യത

2)ഫോറൻസിക് മെഡിസിനിൽ നേടിയിട്ടുള്ള ബിരുദാനന്തര ബിരുദം/ ഡിപ്ലോമ അല്ലെങ്കിൽ തത്തുല്യ യോഗ്യത

**അല്ലെങ്കിൽ**

ഫോറൻസിക് മെഡിസിനിൽ ഡിപ്ലോമാറ്റ് ഇൻ നാഷണൽ ബോർഡ് യോഗ്യത

**കുറിപ്പ്:–I** ബിരുദാനന്തര ബിരുദം അല്ലെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി ഉള്ള ഉദ്യോഗാർത്ഥികൾക്ക് പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഉള്ളവരെക്കാൾ മുൻഗണന നൽകുന്നതാണ്.

കുറിപ്പ്:–II 1) ബിരുദം/ബിരുദാനന്തര ഡിപ്ലോമ/ബിരുദാനന്തര ബിരുദം/സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രി എന്നിവ അംഗീകാരമുള്ള ഒരു യൂണിവേഴ്സിറ്റിയിൽ നിന്നും നേടിയതോ അല്ലെങ്കിൽ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയുടെ അംഗീകാരമുള്ളതോ ആയിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദം/ ഡിപ്ലോമ, തത്തുല്യ യോഗ്യതകൾ എന്നിവ മെഡിക്കൽ കൗൺസിലിൻെറ അംഗീകാരമുള്ളവയും ഡി.എൻ.ബി യോഗ്യത നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് അംഗീകരിച്ചവയും ആയിരിക്കണം. നോൺ മെഡിക്കൽ ഡിഗ്രി/ഡിപ്ലോമ എന്നിവ ഏതെങ്കിലും അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നേടിയതായിരിക്കണം.

2)തത്തുല്യ യോഗ്യതകൾ എന്നത് (ഡി.എൻ.ബി ഒഴികെയുള്ളവ) ഇന്ത്യൻ മെഡിക്കൽ കൗൺസിൽ തത്തുല്യമെന്ന് അംഗീകരിച്ചതായിരിക്കണം.

3)ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൻെറ സാധുതയുള്ള രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

**കുറിപ്പ്:–** III KS & SSR പാർട്ട് II_ലെ റൂൾ 10 (a) ii ബാധകമാണ്.

### കാറ്റഗറി നമ്പർ: 206/2015
### മെഡിക്കൽ ഓഫീസർ (നേച്ചർ ക്യൂർ)
### ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**1. വകുപ്പ്** : ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ (നേച്ചർക്യൂർ)

**3. ശമ്പളം** : ₹ 20740 – 36140

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

**കുറിപ്പ്:–** (ഈ തസ്തികയുടെ 3% ഒഴിവുകൾ ലോക്കോ– മോട്ടോർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. (G.O.(P) No. 61/2012/SWD dated 17.10.2012)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 19–41. ഉദ്യോഗാർത്ഥികൾ 02/01/1974–നും 01/01/1996–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ചവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥക ളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ:** കേരളത്തിലെ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച നാചുറോപ്പതിയിലുള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത

**കുറിപ്പ്:** KS & SSR Part II Rule 10 (a)(ii) ബാധകമാണ്.

### കാറ്റഗറി നമ്പർ: 207/2015
### മെഡിക്കൽ ഓഫീസർ ആയുർവേദം (തസ്തികമാറ്റം വഴിയുള്ള നിയമനം)
### ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**1. വകുപ്പ്** : ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ ആയുർവേദം (തസ്തികമാറ്റം വഴിയുള്ള നിയമനം)

**3. ശമ്പളം** : ₹ 20740 – 36140

**4. ഒഴിവുകളുടെ എണ്ണം** : 6 (ആറ്)

**5. നിയമന രീതി** : തസ്തിക മാറ്റം. ഭാരതിയ ചികിത്സാ വകുപ്പിൽ ഫാർമസിസ്റ്റ്/നഴ്സസ് വിഭാഗത്തിൽ നിന്നും യോഗ്യതയുള്ള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴിയുള്ള നിയമനം (05/04/2005 തീയതിയിലെ ജി.ഒ.(പി)നം.93/2005/ എച്ച്&എഫ്.ഡബ്ല്യൂ.ഡി)

**കുറിപ്പ്:** തസ്തിക മാറ്റം വഴി നിശ്ചയിച്ചിട്ടുള്ള ഒഴിവുകൾക്ക് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ ലഭിക്കാത്ത പക്ഷം പ്രസ്തുത ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിൽ നിന്നും നികത്തുന്നതായിരിക്കും.

**6 പ്രായം** : ഉയർന്ന പ്രായപരിധി ഈ നിയമന രീതിക്ക് ബാധക മല്ല.

**7. യോഗ്യതകൾ:** 1) കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലകളിൽ നിന്നും നേടിയതോ അല്ലെങ്കിൽ അംഗീകരി ച്ചിട്ടുള്ളതോ ആയ ആയൂർവേദത്തിൽ ഉള്ള ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

2) ട്രാവൻകൂർ–കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ഉള്ള 'എ'ക്ലാസ്സ് രജിസ്ട്രേഷൻ

**കുറിപ്പ്:** KS & SSR Part II Rule 10 (a)(ii) ബാധകമാണ്.

അപേക്ഷകൻ ചുവടെ പറയുന്ന മാതൃകയിലുള്ള സർവീസ് സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**സർവ്വീസ് സർട്ടിഫിക്കറ്റ്**
**(അസ്സൽ സമർപ്പിക്കുക)**

1) ഉദ്യോഗാർത്ഥിയുടെ പേര് :
2) ഇപ്പോൾ ഉദ്യോഗാർത്ഥി വഹിക്കുന്ന തസ്തികയുടെ പേരും, ശമ്പള സ്കെയിലും :
3) ഇപ്പോൾ ജോലി ചെയ്യുന്ന വകുപ്പിൻെറ പേര് :
4) ഉദ്യോഗാർത്ഥി ഏതു സർവ്വീസിൽപ്പെടുന്നു എന്ന് :
5) സർവീസ് തുടങ്ങിയ തീയതിയും, പ്രൊബേഷൻ ആരംഭിച്ച തീയതിയും :
6) അപേക്ഷകൻ പ്രൊബേഷണറോ, അപ്രൂവ്ഡ് പ്രൊബേഷണറോ ഫുൾ മെമ്പറോ എന്ന് :
7) സർവ്വീസ് വിശദാംശങ്ങൾ

| ക്രമ നം. | വഹിച്ച തസ്തിക | കാലം | | സർവ്വീസ് ദൈർഘ്യം | | | പ്രൊബേഷൻ പ്രഖ്യാപിച്ച തീയതി |
|---|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം | |
| | | | | | | | |
| | | | | | | | |

സബോർഡിനേറ്റ് സർവ്വീസിൽ പ്രൊബേഷണർ/അപ്രൂവ്ഡ് പ്രൊബേഷണർ/ ഫുൾ മെമ്പർ ആയ ശ്രീ/ശ്രീമതി.................................. എന്ന ഉദ്യോഗസ്ഥയെ/ ഉദ്യോഗസ്ഥനെ സംബന്ധിച്ച മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ടിയാൻെറ സർവ്വീസ് ബുക്കിലെ വിവരങ്ങളുമായി ഒത്തു നോക്കുകയും അവ ശരിയാണെന്ന് ബോദ്ധ്യപ്പെടുകയും ചെയ്ത വിവരം ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം:– ഒപ്പ്:
തീയതി: ഓഫീസ് തലവൻെറ പേര് :
ഉദ്യോഗപ്പേര് :
(ഓഫീസ് മുദ്ര)

### കാറ്റഗറി നമ്പർ: 208/2015
### മെഡിക്കൽ ഓഫീസർ (സിക്കിൾ സെൽ അനീമിയ)
### ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**1. വകുപ്പ്** : ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ

**2. ഉദ്യോഗപ്പേര്** : മെഡിക്കൽ ഓഫീസർ (സിക്കിൾ സെൽ അനീമിയ)

**3. ശമ്പളം** : ₹ 20740 – 36140

**4. ഒഴിവുകളുടെ എണ്ണം** : 1 (ഒന്ന്)

(ഈ തസ്തികയുടെ 3% ഒഴിവുകൾ ലോക്കോമോട്ടോർ ഡിസബിലിറ്റി/ സെറിബ്രൽ പാൾസി വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

(G.O.(P) No. 61/2012/SWD dated 17.10.2012)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായം** : 19–41 ഉദ്യോഗാർത്ഥികൾ 02/01/1974–നും 01/01/1996–നും ഇടയിൽ ജനിച്ചവർ ആയിരിക്കണം. (രണ്ട് തീയതികളും ഉൾപ്പെടെ) മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും.(വയസ്സിളവിനെ സംബന്ധിച്ചവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക)

**7. യോഗ്യതകൾ** : 1) ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ലഭിച്ച എം.ഡി (ആയുർവേദ) കായ ചികിത്സ

2) ട്രാവൻകൂർ കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ നിന്നുള്ള 'എ' ക്ലാസ്സ് സ്ഥിരം രജിസ്ട്രേഷൻ

**കുറിപ്പ്:** KS & SSR Part II Rule 10 (a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 209/2015
## അസിസ്റ്റന്റ് എഞ്ചിനീയർ (ഹൈഡ്രോളജി)
## ഭൂജല വകുപ്പ്

**1. വകുപ്പ്** : ഭൂജല വകുപ്പ്

**2 ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് എഞ്ചിനീയർ (ഹൈഡ്രോളജി)

**3 ശമ്പളം** : ₹ 20740–36140

**4 ഒഴിവുകളുടെ എണ്ണം**: 1 (ഒന്ന്)

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : (18–36) ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.1997 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ:** 50% മാർക്കിൽ കുറയാതെയുള്ള സിവിൽ എഞ്ചിനീയറിംഗ് ബിരുദം

**അഭിലഷണീയം**: സംസ്ഥാന/കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ സർവ്വകലാശാലകളിൽ നിന്നോ ഹൈഡ്രോളജിയിൽ നേടിയ പരിശീലനം

**കുറിപ്പ് :** KS&SSR Part II Rule 10(a)(ii) ബാധകമാണ്.

## കാറ്റഗറി നമ്പർ: 210/2015
## ലക്ചറർ ഇൻ വീണ
## കോളേജ് വിദ്യാഭ്യാസം
## (സംഗീത കോളേജുകൾ)

**1. വകുപ്പ്** : കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)

**2. ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ വീണ

**3. ശമ്പളം** : ₹.19,240–34,500/

**4. ഒഴിവുകളുടെ എണ്ണം**: 2 (രണ്ട്)

**5. നിയമന രീതി** :നേരിട്ടുള്ള നിയമനം

**കുറിപ്പ് :** 3% (മൂന്ന് ശതമാനം) ഒഴിവുകൾ ഭിന്നശേഷിയുള്ള (ലോക്കോമോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി, അന്ധർ, കുറഞ്ഞ കാഴ്ച ശക്തിയുള്ളവർ) ഉദ്യോഗാർത്ഥി കൾക്കായി സംവരണം ചെയ്തിരിക്കുന്നു. (G.O(P) 61/2012/SWD Dated 17/10/2012)

**6. പ്രായം** : 22–36. ഉദ്യോഗാർത്ഥികൾ 02/01/1979 നും 01/01/1993 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്കം, പട്ടികജാതി/പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി യൂണിവേഴ്സിറ്റിയിൽ നിന്നോ/യു.ജി.സി അംഗീകരിച്ചിട്ടുള്ള യൂണിവേഴ്സിറ്റികൾ, ഡീംഡ് യൂണിവേഴ്സിറ്റികൾ എന്നിവയിൽ നിന്നോ വീണയിൽ നേടിയിട്ടുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അല്ലെങ്കിൽ തത്തുല്യ യോഗ്യത.

**കുറിപ്പ് :** 1)പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗത്തിലുള്ള ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിൽ 50% മാർക്ക് നേടിയാൽ മതിയാകും.

2) 1991 സെപ്തംബർ 19നകം PhD നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് ബന്ധപ്പെട്ട വിഷയത്തിലെ ബിരുദാനന്തര ബിരുദത്തിന് 50% മാർക്ക് നേടിയാൽ മതിയാകും.

3) തുല്യ യോഗ്യതയുള്ളവരിൽ ബിരുദ തലത്തിലോ, ബിരുദാനന്തര ബിരുദതലത്തിലോ മലയാളം ഒരു വിഷയമായി പഠിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതാണ്.

**കുറിപ്പ്:** KS & SSR Part II Rule 10(a)ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 211/2015
## ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ്
## (ഗവ. പോളിടെക്നിക്)
## സാങ്കേതിക വിദ്യാഭ്യാസം

**1. വകുപ്പ്** : സാങ്കേതിക വിദ്യാഭ്യാസം

**2 ഉദ്യോഗപ്പേര്** : ലക്ചറർ ഇൻ സിവിൽ എഞ്ചിനീയറിംഗ് (ഗവ. പോളിടെക്നിക്)

**3 ശമ്പളം** : ₹ 15,600–39,100/ (AICTE Pay Band with AGP 5400/-)

**4 ഒഴിവുകളുടെ എണ്ണം**: 4 (നാല്)

**കുറിപ്പ് :** 17.10.2012 തീയതിയിലെ ജി.ഒ.(പി) നമ്പർ 61/2012 എസ്.ഡബ്ല്യൂ.ഡി പ്രകാരം മൂന്ന് ശതമാനം (3%) ഒഴിവുകൾ Locomotor disabiltiy/ Cerebral Pasly, Low Vision എന്നീ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5 നിയമനരീതി** : നേരിട്ടുള്ള നിയമനം

**6 പ്രായം** : 01.01.2015 ൽ 20–39

ഉദ്യോഗാർത്ഥികൾ 02.01.1976 നും 01.01.1995 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടുതീയതികളും ഉൾപ്പെടെ) [വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതുവ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക.]

**കുറിപ്പ് :** സാങ്കേതിക വിദ്യഭ്യാസം, പൊതുമരാമത്ത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, വ്യവസായം, ആർക്കിടെക്ചർ, ടൗൺ പ്ലാനിംഗ് എന്നീ വകുപ്പുകളിലെ നിർദ്ദിഷ്ട യോഗ്യതയുള്ള ഉദ്യോഗസ്ഥന്മാർക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാവുന്നതാണ്. അവർക്ക് അതാത് വകുപ്പുകളിലെ സേവന ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. യാതൊരു കാരണവശാലും ഉയർന്ന പ്രായപരിധി 01.01.2015–ൽ 50 വയസ്സ് കവിയാൻ പാടില്ല.

**7. യോഗ്യതകൾ:** ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും റഗുലർ വിദ്യാഭ്യാസത്തിനുശേഷം സിവിൽ എഞ്ചിനീയറിംഗിൽ നേടിയ ഒന്നാം ക്ലാസ് ബാച്ചിലർ ബിരുദം.

**കുറിപ്പ് :** 1. KS & SSR, Part II Rule 10(a) ii ബാധകമാണ്.

**പ്രതിരോധസേവനം:** മേൽ പറഞ്ഞ ജോലിയിൽ നിയമിക്കപ്പെടുന്നവർ സർക്കാർ ആവശ്യപ്പെടുന്ന പക്ഷം, തൽസമയം ഉയർന്ന ജോലിയിലാണെങ്കിൽ തന്നെയും പരിശീലന കാലയളവുൾപ്പെടെ നാല് വർഷമെങ്കിലും ഇന്ത്യയ്ക്കകത്തോ, പുറത്തോ പ്രതിരോധ വകുപ്പിലോ, പ്രതിരോധ യത്നങ്ങളോടനുബന്ധിച്ചുള്ള ജോലിയിലോ സേവനമനുഷ്ഠിക്കാൻ ബാധ്യസ്ഥരാണ്. പ്രതിരോധവകുപ്പിലെ ഈ സേവന ബാധ്യത സർവീസിലെ ആദ്യത്തെ പത്ത് വർഷങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണ്. നാൽപ്പത് വയസ്സ് കഴിഞ്ഞവർക്ക് സാധാരണഗതിയിൽ ഈ നിയമം ബാധകമല്ല.

## കാറ്റഗറി നമ്പർ: 212/2015
## സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് ഇൻ മൃദംഗം
## ഫോർ ഡാൻസ് (കേരള നടനം)
## കോളേജ് വിദ്യാഭ്യാസം
## (സംഗീത കോളേജുകൾ)

**1. വകുപ്പ്** : കേരള കോളേജ് വിദ്യാഭ്യാസം (സംഗീത കോളേജുകൾ)

**2. ഉദ്യോഗപ്പേര്** : സപ്പോർട്ടിംഗ് ആർട്ടിസ്റ്റ് ഇൻ മൃദംഗം ഫോർ ഡാൻസ് (കേരള നടനം)

**3. ശമ്പളം** : ₹15,380–25,900/

**4. ഒഴിവുകളുടെ എണ്ണം** : 1

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**കുറിപ്പ് :** 3% (മൂന്ന് ശതമാനം) ഒഴിവുകൾ ഭിന്നശേഷിയുള്ള (ലോക്കോമോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി, അന്ധർ, കുറഞ്ഞ കാഴ്ച ശക്തിയുള്ളവർ) ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു. (G.O(P) 01/2013/SJD Dated 03/01/2013)

**6. പ്രായം** : 22–36. ഉദ്യോഗാർത്ഥികൾ 02/01/1979 നും 01/01/1993 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). മറ്റു പിന്നാക്കം, പട്ടികജാതി/പട്ടിക വർഗ്ഗം എന്നീ വിഭാഗങ്ങളിലുള്ളവർക്ക് നിയമാനുസൃത ഇളവുണ്ടായിരിക്കും. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക).

**7. യോഗ്യതകൾ** : ഏതെങ്കിലും ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ലഭിച്ച മൃദംഗത്തിലുള്ള ഒന്നാം ക്ലാസ് അല്ലെങ്കിൽ രണ്ടാം ക്ലാസ് ബി.എ / ബാച്ചിലർ ഓഫ് പെർഫോമിംഗ് ആർട്സ് അല്ലെങ്കിൽ എസ്.എസ്.എൽ.സിയും, ഏതെങ്കിലും ഗവണ്മെന്റ് അംഗീകൃത സ്ഥാപനത്തിൽ നിന്നും നാലു വർഷ ദൈർഘ്യമുള്ള പഠനത്തിനു ശേഷം നേടിയ മൃദംഗത്തിലുള്ള ഡിപ്ലോമ.

**കുറിപ്പ്:** KS & SSR Part II Rule 10 (a) ii ബാധകമാണ്.

## കാറ്റഗറി നമ്പർ: 213/2015
## അസിസ്റ്റന്റ് ജയിലർ ഗ്രേഡ് II
## ജയിൽ

**1. വകുപ്പ്** : ജയിൽ

**2. ഉദ്യോഗപ്പേര്** : അസിസ്റ്റന്റ് ജയിലർ ഗ്രേഡ് II (വനിതകൾക്കും വികലാംഗർക്കും ഈ വിജ്ഞാപന പ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.)

**3. ശമ്പളം** : ₹ 14,620–25,280/

**4. ഒഴിവുകളുടെ എണ്ണം**: 8 (എട്ട്)

**5. നിയമന രീതി** : ജയിൽ വകുപ്പിൽ ജോലിചെയ്യു Senior Clerk/Upper Division Typist/ Confidential Assistant ഇവരി നിന്നും തസ്തികമാറ്റം വഴി നിയമനം.

ഉദ്യോഗാർത്ഥികൾ അപ്രൂവ്ഡ് പ്രൊബേഷണറായിരിക്കണം.

**കുറിപ്പ് :** 1957 ലെ കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ രണ്ടാം ഭാഗം, 14 മുതൽ 17 വരെ ചട്ടങ്ങളിൽ വിവരിച്ചിരിക്കുന്ന സംവരണ തത്വങ്ങൾ പ്രസ്തുത ഒഴിവുകൾക്ക് ബാധകമായിരിക്കുകയില്ല. റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിലേയ്ക്ക്, റാങ്ക് ക്രമത്തിൽഉദ്യോഗാർത്ഥികൾക്ക് നിയമനശിപാർശ നൽകുന്നതായിരിക്കും.

**6. പ്രായം** : ബാധകമല്ല.

**7. യോഗ്യതകൾ :–**1) ഈ തസ്തികയുടെ തെരഞ്ഞെടുപ്പിനു വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന 'Eligibiltiy Test' പാസ്സായിരിക്കണം. 165 സെ.മീ ഉയരവും, 81.3 സെ.മീ നെഞ്ചളവും കുറഞ്ഞത് 5 സെ.മീ വികാസവും ഉണ്ടായിരിക്കണം.

**കുറിപ്പ്:** (i) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 160 സെ.മീ ഉയരം മതിയാകും.

(ii) ഓരോ ഉദ്യോഗാർത്ഥിയേയും കായികക്ഷമതാ പരീക്ഷയ്ക്ക് വിധേയമാക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതയ്ക്ക് മുന്നോടിയായി എടുക്കുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല.

iii) കാഴ്ച ശക്തി:– ഉദ്യോഗാർത്ഥികൾക്ക് കണ്ണടവയ്ക്കാതെ താഴെ പറയുന്ന കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | വലതുകണ്ണ് | ഇടതുകണ്ണ് |
|---|---|---|
| a) ദൂരകാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| b) സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

c) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ച ശക്തി ഉണ്ടായിരിക്കണം. കളർ ബ്ലൈൻഡ്നസ്, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

d) മുട്ടുതട്ട്, പര പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പ് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കൊഞ്ഞ, കേൾവിയിലും സംസാരശേഷിയിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതാണ്. ശാരീരികയോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള ഫാറത്തിൽ അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽകായികക്ഷമതാ പരീക്ഷയുടെ സമയത്ത് ഹാജരാക്കേണ്ടതാണ്.

ഉദ്യോഗാർത്ഥികൾ കായിക ക്ഷമതാ പരീക്ഷാ സമയത്ത് ഹാജരാക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ മാതൃക ചുവടെ ചേർക്കുന്നു.

### MEDICAL CERTIFICATE

I have this day medically examined Sri...........................................(address) and found that he has no disease or infirmtiy, which would render him unsuitable for Government Service. His age according to his own statement is.................................. and by appearance is .............................years. His standards of vision without glasses are as follows.

| Standards of Vision | Right Eye | Left Eye |
|---|---|---|
| i) Distant Vision | ..........Snellen | .........Snellen |
| ii) Near Vision | ..........Snellen | .........Snellen |
| iii) Field of Vision | .................... | ................... |

(Specify whether field of vision is full or not. Etnries such as Normal, Good etc are inappropriate here)

iv) Colour Blindness...............................

v) Squint..............................................

vi) Any morbid condition of the eyes or lids of either eye...................................................

He is Physically fit for the post of Assistant Jailor Grade II in the Jails Department.

Place: Signature

Date : Name and Designation of the Medical Officer

(Office Seal)

iv) കായികക്ഷമതാ പരീക്ഷ ഉദ്യോഗാർത്ഥികൾ താഴെ പറയുന്ന 8 (എട്ട്) ഇനങ്ങളിൽഏതെങ്കിലും 5 (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2 | ഹൈ ജമ്പ് | 132.20 cms (4'6") |
| 3 | ലോംഗ് ജമ്പ് | 457.20 cms (15') |
| 4 | പുട്ടിംഗ് ദ് ഷോട്ട് (7264 ഗ്രാം) | 609.60 cms (20') |
| 5 | ത്രോയിംഗ് ദി ക്രിക്കറ്റ് ബോൾ | 6096 cms (200') |
| 6 | റോപ് ക്ളൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 cms(12') |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിട്ട് 44 സെക്കന്റ് |

**കുറിപ്പ്:** കായികക്ഷമതാ പരീക്ഷയിൽ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ടി പരീക്ഷയിൽ പങ്കെടുക്കുവാൻ വീണ്ടും അവസരം നൽകുന്നതല്ല.

**സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ടുന്ന സർവ്വീസ് സർട്ടിഫിക്കറ്റിന്റെ മാതൃക.**

**SERVICE CERTIFICATE**

1. Name of the Candidate :
2. Name of the post now held by the applicant with scale of pay :
3. Name of the Department in which now working :
4. Name of Service to which the applicant belongs :
5. Date of commencement of Service and date of commencement of probation :
6. Whether the applicant is probationer/ approved probationer or Full member of the service :
7. Service particulars :

| Sl. No. | Name of Post Held | Period | | Length of Service | | | Date of Declaration of Probation |
|---|---|---|---|---|---|---|---|
| | | From | To | Year | Month | Days | |
| | | | | | | | |
| Total Service | | | | | | | |

Certified that the above details in respect of Sri/Smt ............................................ who is a probationer/ approved probationer/ full member of the ............................................ (name of service) have been verified by me with the service particulars as given in the Service Book of the candidate and that they are found correct.

Signature

Place Name and Designation

Date: of the Head of Office

(Office Seal )

**8. പ്രോബേഷൻ** : കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി തസ്തികമാറ്റം വഴി നിയമിതനാകുന്ന ആൾ തുടർച്ചയായ 2 (രണ്ട്) വർഷത്തിനുള്ളിൽ ഒരു വർഷം പ്രൊബേഷനിലായിരിക്കും;

**9. ട്രെയിനിംഗ്** : 1) മിനിസ്റ്റീരിയൽ വിഭാഗത്തിൽ നിന്നും തസ്തികമാറ്റം വഴി, അസിസ്റ്റന്റ് ജയിലർ Grade II തസ്തികയിലേക്ക് നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിനുള്ളി ഡിപ്പാർട്ട്മെന്റ് മേധാവിയുടെ നിർദ്ദേശാനുസരണം In Service Training ന് വിധേയരാകേണ്ടതാണ്. 2) തസ്തികമാറ്റ നിയമന രീതി വഴി അസിസ്റ്റന്റ് ജയിലറായി തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ വകുപ്പ് തലവൻ നിർദ്ദേശിക്കുന്ന പ്രകാരം റീജിയണൽഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷൻ അല്ലെങ്കിൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിൽ ട്രെയിനിംഗിന് വിധേയരാകേണ്ടതാണ്.

## ജനറൽ റിക്രൂട്ട്മെന്റ് (ജില്ലാതലം)

## കാറ്റഗറി നമ്പർ: 214/2015
## എയറോ മോഡലിംഗ് ഇൻസ്ട്രക്ടർ കം സ്റ്റോർ കീപ്പർ (വിമുക്തഭടന്മാർ/ ടെറിട്ടോറിയൽ ആർമി പേഴ്സണൽ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നു മാത്രം) എൻ.സി.സി ഡയറക്ടറേറ്റ് (കേരള & ലക്ഷദ്വീപ്)

**1. വകുപ്പ്** : എൻ.സി.സി ഡയറക്ടറേറ്റ് (കേരള & ലക്ഷദ്വീപ്)

**2. ഉദ്യോഗപ്പേര്** : എയറോ മോഡലിംഗ് ഇൻസ്ട്രക്ടർ കംസ്റ്റോർ കീപ്പർ (വിമുക്തഭടന്മാർ/ ടെറിട്ടോറിയൽ ആർമി പേഴ്സണൽ വിഭാഗത്തിൽപ്പെട്ടവരിൽ നിന്നു മാത്രം)

**3. ശമ്പളം** : ₹ 14,620–25,280/

**4. ഒഴിവുകളുടെഎണ്ണം** : ജില്ലാടിസ്ഥാനത്തിൽ എറണാകുളം 1 (ഒന്ന്)

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം. (വിമുക്തഭടന്മാർ/ടെറിട്ടോറിയൽ ആർമി പേഴ്സണൽ വിഭാഗത്തിലുള്ളവരിൽ നിന്നു മാത്രം)

**6. പ്രായം** : 21–36: ഉദ്യോഗാർത്ഥികൾ 02.01.1979 നും 01.01.1994നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും, നിയമാനുസൃത ഇളവുണ്ടായിരിക്കും.

**കുറിപ്പ്:** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ** : എസ്.എസ്.എൽ.സി നിലവാരത്തി ലുള്ള ഏറ്റവും കുറഞ്ഞ പൊതുവിദ്യാഭ്യാസ യോഗ്യതയോടൊപ്പം എയറോ മോഡലിംഗിലുള്ള പ്രവർത്തി പരിചയം ഉദാ: വ്യോമമാതൃകകളെ സംബന്ധിച്ച സൈദ്ധാന്തികമായ അറിവ് പകർന്നു നൽകുവാനും മാതൃകകളുടെ നിർമാണവും യഥാർഥത്തിലുള്ള പറക്കലും ഡെമോൺസ്ട്രേറ്റ് ചെയ്യുവാനുമുള്ള കഴിവ്.

**കുറിപ്പ്:** KS & SSR Part II Rule 10 (a) (ii) ബാധകമാണ്

**8. ട്രെയിനിംഗ്:** എയറോ മോഡലിംഗ് ഇൻസ്ട്രക്ടർകംസ്റ്റോർ കീപ്പർ തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നവർ അവരുടെ പ്രൊബേഷൻ കാലാവധിക്കുള്ളിൽ എൻ.സി.സി ഡയറക്ടർ നിശ്ചയിക്കുന്ന തരത്തിലുള്ള പരിശീലനത്തിന് വിധേയമാകേണ്ടതാണ്.

## കാറ്റഗറി നമ്പർ: 215/2015
## പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു) വിദ്യാഭ്യാസം

**1. വകുപ്പ്** : വിദ്യാഭ്യാസം

**2. ഉദ്യോഗപ്പേര്** : പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഉറുദു)

**3. ശമ്പളം** : ₹ 11,620–20,240/

**4. ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ കോഴിക്കോട് 2 (രണ്ട്)

**കുറിപ്പ്:** GO (P) 1/13/SJD dt 3/1/2013 പ്രകാരം ഈ തസ്തികയിലേക്കുള്ള 3% (മൂന്നു ശതമാനം) ഒഴിവുകൾ യോഗ്യരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി സംവരണം ചെയ്തിരിക്കുന്നു.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം.

**6. പ്രായം** : 18–40. ഉദ്യോഗാർത്ഥികൾ 02/01/1975നും 01/01/1997നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ) (മറ്റു പിന്നോക്ക വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കും നിയമാനുസൃത വയസ്സിളവുണ്ടായിരിക്കും).

**കുറിപ്പ് :** യാതൊരുകാരണവശാലും ഉയർന്ന പ്രായപരിധി 50 (അൻപത്) വയസ്സ് കവിയാൻ പാടില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള പ്രത്യേക ആനുകൂല്യങ്ങൾക്ക് (ഈ വിജ്ഞാപനത്തിന്റെ പാർട്ട് II ലെ പൊതു വ്യവസ്ഥകൾ (ഖണ്ഡിക 2) നോക്കുക.

**7. യോഗ്യതകൾ :**

(1) എസ്.എസ്.എൽ.സി അല്ലെങ്കിൽ തത്തുല്യമായ യോഗ്യത.

(2)കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ ഉറുദു ഭാഷയിലുള്ള ബിരുദം.

**അല്ലെങ്കിൽ**

കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചിട്ടുള്ളതോ ആയ പൗരസ്ത്യഭാഷ (ഉറുദു) പഠനത്തിലുള്ള ടൈറ്റിൽ

**അല്ലെങ്കിൽ**

കേരളത്തിലെ ഏതെങ്കിലുമൊരു സർവ്വകലാശാല നടത്തുന്ന ആഡിബ്.ഐ.ഫാസിൽ (പ്രിലിമിനറി) (ഉറുദു) പരീക്ഷ പാസായിരിക്കണം.

**അല്ലെങ്കിൽ**

കേരള ഗവണ്മെന്റ് പരീക്ഷാ കമ്മീഷണർ നടത്തുന്ന ഉറുദു ഹയർ പരീക്ഷ പാസായിരിക്കണം. കെ.എസ് & എസ്.എസ്.ആർ റൂൾ 10 a (ii) ഈ തസ്തികയ്ക്ക് ബാധകമാണ്.

**കുറിപ്പ് :** (i) ഏതു വിഷയത്തിലാണ് ബിരുദവും ടൈറ്റിലും നേടിയത് എന്ന് വ്യക്തമാക്കണം.

(ii) കേരളത്തിന് പുറത്തുള്ള സർവകലാശാലകളിൽ നിന്നും BA/ടൈറ്റിൽ നേടിയവർ ആയത് ഈ തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയ്ക്കു തുല്യമായി കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച ഉത്തരവിന്റെ നമ്പർ, തീയതി എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്.

**8. പ്രായപരിധി, നിയമനം ഇവ സംബന്ധിച്ച പ്രത്യേക ആനുകൂല്യങ്ങൾ :**

(i) നിശ്ചിത യോഗ്യതയുള്ള ജവാന്മാരുടെ ഭാര്യമാർക്ക് ഉദ്യോഗ നിയമനക്കാര്യത്തിൽ സാമുദായിക സംവരണ നിയമങ്ങൾക്ക് വിധേയമായി 12.02.1970ലെ ഗവണ്മെന്റ് ഓർഡർ (എം.എസ്) നമ്പർ 50/70/പി.ഡി, 21.01.1978ലെ ജി.ഒ. (എം.എസ്) നമ്പർ 9/78/ജി.എഡ്യൂ എന്നിവ അനുസരിച്ച് മുൻഗണന നൽകുന്നതാണ്. അങ്ങനെയുള്ളവർ ഭർത്താവിന്റെ പേര്, മിലിട്ടറി റാങ്ക്, മിലിട്ടറി അഡ്രസ് മുതലായ സൈനിക സേവന വിവരങ്ങൾ ഉൾപ്പെടുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട കമാന്റിംഗ് ആഫീസറുടെ പക്കൽ നിന്നും നേടിയത് കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സേവനരംഗത്തുള്ള പട്ടാളക്കാരെയും ബേസ് എസ്റ്റാബ്ലിഷ്മെന്റിൽ പ്രവർത്തരക്കുന്നവരെയുമാണ് ജവാന്മാരുടെ പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. [ജി.ഒ. (എം.എസ്) നമ്പർ 509/64/എഡ്യൂ തീയതി 19.09.1964, ജി.ഒ. (എം.എസ്) നമ്പർ 614/65/എഡ്യൂ തീയതി 09.11.1965, ജി.ഒ.(എം.എസ്) നമ്പർ 243/66/എഡ്യൂ തീയതി 27.05.1966] ഈ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾ 'താങ്കള്ക്ക് ഏതെങ്കിലും രീതിയിലുള്ള മുൻഗണന ലഭിക്കുവാൻ അർഹതയുണ്ടോ' എന്നതിൻ ഉണ്ട് എന്ന് തെരഞ്ഞെടുക്കുകയും മുൻഗണന സംബന്ധിച്ച വിശദാംശങ്ങൾ തുടർന്ന് രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

(ii) സംസ്ഥാനത്തെ ഡിപ്പാർട്ടുമെന്റൽ ഹൈസ്കൂളിൽ കുറഞ്ഞപക്ഷം അഞ്ചുവർഷം സർവ്വീസുള്ള ലാബറട്ടറി അറ്റൻഡർമാരെ അവർക്ക് നിശ്ചിതയോഗ്യതയുള്ള പക്ഷം പ്രായപരിധിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. അവർ സർവ്വീസിൽ പ്രവേശിച്ച തീയതിയും മൊത്തം സേവനക്കാലവും കാണിക്കുന്ന ഒരു സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഹെഡ്മാസ്റ്ററിൽ നിന്നും വാങ്ങി കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. സർവ്വീസ് ആനുകൂല്യം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് സാമുദായിക സംവരണാനുകൂല്യം ലഭിക്കുന്നതല്ല. (ജി.ഒ.(എം.സ്) നം 315/62 എഡ്യു. തീയതി 14.05.62)

(iii) ഫസ്റ്റ് ക്ലാസ് സ്കൗട്ട്സിലും ഗൈഡ്സിലുംപെട്ടവർക്ക് നിയമനക്കാര്യത്തിൽ മുൻഗുണന നൽകുന്നതാണ്. (ജി.ഒ. (എം.എസ്) നമ്പർ 122/75/ജനറൽ എഡ്യൂക്കേഷൻ തീയതി 27.05. 1975). ഈ മുൻഗണന 12.02.1970 ലെ ജി.ഒ (എം.എസ്) 50/70-PD യിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും.

* ഇന്ത്യൻ വിപ്ലവത്തിന്റെ മാതാവ് എന്ന അപരനാമത്തിൽ മാഡം കാമയെ ചരിത്രം വാഴ്ത്തുന്നു.

## രാജ്കുമാരി അമൃത്കൗർ (1889–1964)


* സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ആരോഗ്യവകുപ്പ് മന്ത്രിയായിരുന്ന രാജ്കുമാരി അമൃത്കൗർ ലക്നൗവിലെ കപൂർത്തല രാജവംശത്തിൽ 1889 ഫെബ്രുവരി രണ്ടിന് ജനിച്ചു. ഓക്സ്ഫഡ് സർവകലാശാലയിലാണ് കോളേജ് വിദ്യാഭ്യാസം നേടിയത്.
* പിതാവിന്റെ സ്വാധീനത്താൽ അവർക്ക് ചെറു പ്രായത്തിൽത്തന്നെ കോൺഗ്രസ് പ്രവർത്തനങ്ങളോട് ആഭിമുഖ്യം തോന്നി. വാർധ ആശ്രമത്തിൽ ദീർഘകാലം ഗാന്ധിജിയുടെ അനുയായിയായി പ്രവർത്തിച്ചു. ഗാന്ധിജിയുടെ സെക്രട്ടറിമാരിലൊരാളായി അവർ 16 വർഷം സേവനമനുഷ്ഠിച്ചു. നിരക്ഷരതാ നിർമാർജനം, ബാലവിവാഹവും പർദാ സമ്പ്രദായവും ഇല്ലാതാക്കൽ എന്നിവയ്ക്കുവേണ്ടി അവർ നിരന്തര പരിശ്രമം നടത്തി.
* 1927–ൽ ഓൾ ഇന്ത്യ വിമൻസ് കോൺഫറൻസ് എന്ന സംഘടന സ്ഥാപിക്കാൻ മുൻനിരയിൽ പ്രവർത്തിച്ച അവർ 1930–ൽ അതിന്റെ സെക്രട്ടറിയും 1933–ൽ അധ്യക്ഷയുമായി. ക്വിറ്റിന്ത്യാ സമരത്തിലും രാജ്കുമാരി അമൃതകൗർ സജീവമായി പങ്കെടുത്തു.
* സ്വാതന്ത്ര്യാനന്തരം രാജ്കുമാരി അമൃത്കൗർ നെഹ്റു മന്ത്രിസഭയിൽ അംഗമായി. മന്ത്രിസഭയിലെ രണ്ട് ക്രൈസ്തവമതസ്ഥരിൽ ഒരാളായിരുന്നു അവർ (മറ്റേയാൾ ജോൺ മത്തായി). 1950–ൽ അവർ ലോകാരോഗ്യസംഘടനയുടെ അധ്യക്ഷയായി. പ്രസ്തുത പദവി വഹിച്ച ആദ്യ വനിതയും ആദ്യ ഏഷ്യക്കാരിയുമായിരുന്നു അമൃത്കൗർ. തുടർച്ചയായ 25 വർഷക്കാലം ആ പദവിയിൽ അവർ തുടർന്നു. കേന്ദ്ര വിദ്യാഭ്യാസ ഉപദേശക ബോർഡിലെ ആദ്യത്തെ വനിതാ മെമ്പർ എന്ന നിലയിലും അവർ പ്രവർത്തിച്ചു.



* 1964 ഒക്ടോബർ രണ്ടിന് രാജ്കുമാരി അമൃത്കൗർ അന്തരിച്ചു.

## വിജയലക്ഷ്മി പണ്ഡിറ്റ് (1900–1990)

* നയതന്ത്രജ്ഞ, രാഷ്ട്രീയ നേതാവ് എന്നീ നിലകളിൽ പ്രസിദ്ധയായ വിജയലക്ഷ്മി പണ്ഡിറ്റ് പ്രഥമ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവിന്റെ സഹോദരിയായിരുന്നു.
* 1900 ഓഗസ്റ്റ് 18–നായിരുന്നു വിജയലക്ഷ്മിയുടെ ജനനം. 1921–ൽ രഞ്ജിത് സീതാറാം പണ്ഡിറ്റ് അവരെ വിവാഹം കഴിച്ചു. കത്തിയവാഡുകാരനായ ഒരു പ്രമുഖ ബാരിസ്റ്ററായിരുന്നു സീതാറാം പണ്ഡിറ്റ്. പണ്ഡിതൻകൂടിയായ അദ്ദേഹം കൽഹണന്റെ രാജതരംഗിണി സംസ്കൃതത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്.
* സ്വാതന്ത്ര്യസമരത്തെ പിന്തുണച്ച സീതാറാം പണ്ഡിറ്റ് 1944 ജനുവരി 14–ന് ലക്നൗ ജയിലിൽ അന്തരിച്ചു. ഈ ദമ്പതികളുടെ മകളാണ് പ്രശസ്ത എഴുത്തുകാരിയായ നയൻതാര സെഗാൾ.
* ഇന്ത്യയിൽ മന്ത്രിപദത്തിലെത്തിയ ആദ്യ വനിതയാണ് വിജയലക്ഷ്മി പണ്ഡിറ്റ്. 1937–ൽ യുണൈറ്റഡ് പ്രൊവിൻസിലെ മന്ത്രിസഭയിൽ ഗ്രാമവികസനത്തിന്റെയും ആരോഗ്യത്തിന്റെയും ചുമതലയുള്ള മന്ത്രിയായിരുന്നു അവർ. 1939വരെ ആ പദവിയിൽ തുടർന്നു.
* 1946–ൽ വീണ്ടും മന്ത്രിയായി. അതേവർഷംതന്നെ ഭരണഘടനാ നിർമാണസഭയിലേക്കും തിരഞ്ഞെടുക്കപ്പെട്ടു. 1947–ൽ സോവിയറ്റ് യൂണിയനിലേക്കുള്ള ഇന്ത്യൻ അംബാസഡറായി നിയമിതയായി. അംബാസഡർ പദവി വഹിച്ച ആദ്യ ഇന്ത്യൻ വനിത വിജയലക്ഷ്മി പണ്ഡിറ്റാണ്.



* 1949–51 കാലയളവിൽ യുണൈറ്റഡ് സ്റ്റേറ്റ്സ്, മെക്സിക്കോ എന്നിവിടങ്ങളിൽ ആ പദവി വഹിച്ചു. 1955–61 കാലയളവിൽ അയർലൻഡിലെ ഇന്ത്യൻ അംബാസഡറായി (അതേ കാലയളവിൽ യുണൈറ്റഡ് കിങ്ഡത്തിലേക്കുള്ള ഹൈക്കമ്മിഷണർ പദവിയും വഹിച്ചു).
* 1958–61 സമയത്ത് സ്പെയിനിലും അംബാസഡർ സ്ഥാനം വഹിച്ചു. 1946നും 1968നും ഇടയിൽ ഐക്യരാഷ്ട്രസഭയിലേക്കുള്ള ഇന്ത്യൻ സംഘത്തെ നയിച്ചു. 1953–ൽ ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെ പ്രഥമ വനിതാ പ്രസിഡന്റായി.
* 1962 മുതൽ 1964വരെ മഹാരാഷ്ട്രയിൽ ഗവർണറായി. അതിനുശേഷം നെഹ്റുവിന്റെ മണ്ഡലമായ ഫൂൽപ്പൂരിൽനിന്ന് ലോക്സഭാംഗമായി. 1966–ൽ പ്രധാനമന്ത്രിയായ തന്റെ അനന്തരവൾ ഇന്ദിരാഗാന്ധിയുടെ കടുത്ത വിമർശകയായിരുന്നു വിജയലക്ഷ്മി പണ്ഡിറ്റ്.
* അവർ തമ്മിലുള്ള ബന്ധത്തിൽ വിള്ളൽ വീഴുകയും വിജയലക്ഷ്മി പണ്ഡിറ്റ് സജീവ രാഷ്ട്രീയത്തിൽനിന്ന് പിൻമാറി ഹിമാലത്തിന്റെ പാദഭാഗമലനിരകളിലെ ഡെറാഡൂണിലുള്ള ഡൂൺ താഴ്‌വരയിൽ താമസമാക്കുകയും ചെയ്തു.
* 1979–ൽ അവർ ഐക്യരാഷ്ട്രസഭ മനുഷ്യാവകാശ കമ്മിഷനിലേക്കുള്ള ഇന്ത്യൻ പ്രതിനിധിയായി നിയമിതയായി. അതിനുശേഷം അവർ പൊതുരംഗത്തുനിന്ന് വിടവാങ്ങി.
* The Evolution of India (1958),The Scope of Happiness: A Personal Memoir (1979) എന്നിവ അവരുടെ രചനകളാണ്.
* 1990 ഡിസംബർ ഒന്നിന് അന്തരിച്ചു.

## സുചേതാ കൃപലാനി (1908–1974)

* സ്വാതന്ത്ര്യ സമര പോരാളിയായിരുന്ന സുചേതാ കൃപലാനി ഇന്ത്യൻ സംസ്ഥാനത്ത് മുഖ്യമന്ത്രിയായ ആദ്യ വനിത എന്ന നിലയിലാണ് കൂടുതൽ ഓർമിക്കപ്പെടുന്നത്.



* 1908 ജൂൺ 25–ന് പഞ്ചാബിലെ അംബാലയിൽ ഒരു ബംഗാളി കുടുംബത്തിൽ, സർക്കാർ ഡോക്ടറും ദേശീയവാദിയുമായിരുന്ന ഡോ.എസ്.എൻ. മജുംദാറുടെ പുത്രിയായി ജനിച്ചു. ബനാറസ് ഹിന്ദു സർവകലാശാലയിൽ പ്രൊഫസറായിരുന്ന അവർ 1936–ൽ സ്വാതന്ത്ര്യസമരസേനാനിയും സോഷ്യലിസ്റ്റുമായ ആചാര്യ കൃപലാനിയെ വിവാഹം കഴിച്ചതോടെ ദേശീയ പ്രസ്ഥാനത്തിൽ സജീവമായി.
* അരുണ അസഫ് അലിയ്ക്കും ഉഷാ മേത്തയ്ക്കും ഒപ്പം അവർ ക്വിറ്റിന്ത്യാ പ്രസ്ഥാനത്തിൽ സജീവമായി. ഇന്ത്യാ വിഭജന സമയത്തെ കലാപങ്ങൾ ശമിപ്പിക്കാൻ ഗാന്ധിജി നടത്തിയ ശ്രമങ്ങളിൽ പങ്കാളിയായി അദ്ദേഹത്തോടൊപ്പം നവഖാലിയിൽ പോയി.
* 1946–ൽ സുചേതാ കൃപലാനി കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. 1947 ആഗസ്റ്റ് 15–ന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ അധികാരകൈമാറ്റവേളയിൽ വന്ദേമാതരം ആലപിച്ചത് സുചേതയാണ്.
* 1952–ലും 1957–ലും ലോക്സഭാംഗമായി. 1962–ൽ ഉത്തർ പ്രദേശ് നിയമസഭാംഗമായി. 1963–67 കാലയളവിൽ യു.പി.മുഖ്യമന്ത്രിയായി. 1967–ൽ വീണ്ടും ലോക്സഭാംഗമായി.
* സജീവരാഷ്ട്രീയത്തിൽനിന്ന് 1971–ൽ വിരമിച്ച അവർ 1974 ഡിസംബർ ഒന്നിന് അന്തരിച്ചു.

## ദുർഗാഭായ് ദേശ്മുഖ് (1909–1981)

* ആസൂത്രണ കമ്മിഷൻ അംഗമായ ആദ്യ വനിതയാണ് ദുർഗാഭായ് ദേശ്മുഖ്. സ്വാതന്ത്ര്യസമരസാരഥി, അഭിഭാഷക,സാമൂഹിക പ്രവർത്തക, രാഷ്ട്രീയ നേതാവ്, ഭരണഘടനാ നിർമാണസഭയിലെ അംഗം എന്നീ നിലകളിൽ പ്രവർത്തിച്ച അവർ 1953–ൽ സ്ഥാപിതമായ സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡ്, 1958–ൽ സ്ഥാപിതമായ നാഷണൽ കൗൺസിൽ ഓൺ വിമൺസ് എഡ്യുക്കേഷൻ എന്നിവയുടെ പ്രഥമ ചെയർപേഴ്സൺ സ്ഥാനവും വഹിക്കുകയുണ്ടായി.



* 1909 ജൂലൈ 15–ന് ആന്ധ്രാപ്രദേശിലെ രാജമുന്ദ്രിയിലാണ് ദുർഗാഭായ് ജനിച്ചത്. പതിനാലാം വയസ്സിൽ വിവാഹിതയായെങ്കിലും പിൽക്കാലത്ത് ആ ബന്ധം അവസാനിപ്പിച്ച് റിസർവ് ബാങ്കിന്റെ ഇന്ത്യക്കാരനായ ആദ്യ ഗവർണറും 1950–56 കാലത്ത് കേന്ദ്ര ധനമന്ത്രിയായിരുന്ന സി.ഡി. ദേശ്മുഖിനെ വിവാഹം കഴിച്ചു.
* സ്ത്രീവിമോചനത്തിനായി നിരന്തരം പ്രവർത്തിച്ച ദുർഗാഭായ് ദേശ്മുഖ് ആന്ധ്ര മഹിള സഭ എന്ന സംഘടന സ്ഥാപിച്ചു. ഗാന്ധിജിയുടെ അനുയായിയായ അവർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് മൂന്നു തവണ തടവനുഭവിച്ചു. ലോക്സഭാംഗമെന്ന നിലയിൽ സാമൂഹിക ക്ഷേമ സംബന്ധമായ നിരവധി നിയമനിർമാണങ്ങൾക്ക് മുൻകൈയെടുത്തു. സ്ത്രീകൾ, കുട്ടികൾ, അംഗപരിമിതർ മുതലായ വിഭാഗങ്ങളുടെ ഉന്നമനത്തിനായി അവർ നിരന്തരം പ്രവർത്തിച്ചു.
* 1981 മെയ് 9–ന് അന്തരിച്ചു.
* സ്ത്രീകളുടെ പുരോഗതിക്കായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിന് സെൻട്രൽ സോഷ്യൽ വെൽഫെയർ ബോർഡ് ഏർപ്പെടുത്തിയിരിക്കുന്ന അവാർഡ് ദുർഗാഭായ് ദേശ്മുഖിന്റെ പേരിലാണ് അറിയപ്പെടുന്നത്.



## അരുണ അസഫ് അലി (1909–96)

* 1909 ജൂലൈ 16ന് ഹരിയാനയിലെ കൽക്കയിൽ ജനിച്ചു. അച്ഛൻ ബംഗാളിയായ ഉപേന്ദ്രനാഥ് ഗാംഗുലി എന്ന വ്യാപാരി. ബാല്യകാലം ബംഗാളിനു പുറത്തായിരുന്നു. ലാഹോറിലെ സേക്രഡ് ഹാർട്ട് കോൺവെൻറിൽ വിദ്യാഭ്യാസം.
* വിദ്യാഭ്യാസത്തിനുശേഷം കൊൽക്കത്തയിലെ ഗോഖലെ മെമ്മോറിയൽ സ്കൂളിൽ അധ്യാപികയായി.
* 1927–ൽ അസഫലിയെ കണ്ടുമുട്ടി. പ്രണയം. വീട്ടുകാരുടെ എതിർപ്പവഗണിച്ച് 1928 സെപ്തംബറിൽ വിവാഹം.
* വിവാഹം ജീവിതത്തിലെ വഴിത്തിരിവായി. രാഷ്ട്രീയം, ധനശാസ്ത്രം, മാർക്സിസം തുടങ്ങിയവയിൽ വായനയിലൂടെ നിഷ്ണാതയായി.
* കോൺഗ്രസിലെ സോഷ്യലിസ്റ്റ് നേതാക്കളുടെ സ്വാധീനത്തിൽപ്പെട്ടു. 1930ലെ സിവിൽ ആജ്ഞാലംഘന പ്രസ്ഥാനത്തിൽ പങ്കെടുത്ത് ജയിലിലായി. 1941, 42 വർഷങ്ങളിലും അറസ്റ്റിലായി.
* ക്വിറ്റിന്ത്യാ പ്രക്ഷോഭത്തിൽ സജീവമായി പങ്കെടുത്ത അവർ 'ക്വിറ്റിന്ത്യാ സമരത്തിൻെറ നായിക' എന്നറിയപ്പെട്ടു.
* 1946ൽ ഡൽഹി പി.സി.സി അധ്യക്ഷയായി. രണ്ടുവർഷത്തിനുശേഷം കോൺഗ്രസ് വിട്ടു. ഇടതുപക്ഷ സോഷ്യലിസ്റ്റ് ഗ്രൂപ്പ് രൂപവൽക്കരിച്ച് തൊഴിലാളി യൂണിയൻ രംഗത്തേക്ക് തിരിഞ്ഞു.
* 1955–ൽ സോഷ്യലിസ്റ്റ് ഗ്രൂപ്പ് ഇന്ത്യൻ കമ്യൂണിസ്റ്റ് പാർടിയിൽ ലയിച്ചു. 1958–ൽ സിപിഐ വിട്ടു. 1964–ൽ നെഹ്റുവിൻെറ മരണശേഷം കോൺഗ്രസിലേക്ക് തിരികെ വന്നെങ്കിലും രാഷ്ട്രീയത്തിൽ സജീവമായില്ല.
* 1958–ൽ ഡൽഹിയിലെ ആദ്യ വനിതാ മേയർ
* 1996 ജൂലൈ 29–ന് അന്തരിച്ചു. മരണാനന്തര ബഹുമതിയായി ഭാരതരത്നം നേടിയ ആദ്യ വനിത. ഭാരതരത്ന ലഭിച്ചവരിൽ കമ്യൂണിസ്റ്റ് ചായ്വുണ്ടായിരുന്ന ഏക വ്യക്തി.

## ഡോ.ലക്ഷ്മി സൈഗാൾ (1914–2012)

* ഇന്ത്യയുടെ മോചനത്തിനായി തെക്കുകിഴക്കനേഷ്യയിൽ ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം പകർന്ന് നടത്തിയ പ്രവർത്തനങ്ങളാണ് ക്യാപ്റ്റൻ ലക്ഷ്മിയെ ഇന്ത്യാചരിത്രത്തിൽ ചിരസ്മരണീയയാക്കുന്നത്.
* മദ്രാസ് ഹൈക്കോടതിയിൽ അഭിഭാഷകനായിരുന്ന ഡോ. എസ് സ്വാമിനാഥൻെറയും പൊന്നാനി താലൂക്കിലെ ആനക്കര വടക്കത്ത് അമ്മു സ്വാമിനാഥൻെറയും നാലുമക്കളിൽ രണ്ടാമത്തെയാളായി 1914 ഒക്ടോബർ 24 ന് ചെന്നൈയിലാണ് ലക്ഷ്മി ജനിച്ചത്. എ വി കുട്ടിമാളുഅമ്മ ഉൾപ്പെടെയുള്ള സ്വാതന്ത്ര്യസമരസേനാനികളെ സംഭാവന ചെയ്ത പാരമ്പര്യം ആനക്കര വടക്കത്ത് തറവാടിന് അവകാശപ്പെട്ടതാണ്.
* മദ്രാസ് മെഡിക്കൽ കോളേജിൽ എംബിബിഎസിനുചേർന്ന അവർ ഗൈനക്കോളജിയിൽ ഡിപ്ലോമയെടുത്തശേഷം 1940ൽ സിംഗപ്പൂരിൽ പോകുകയും അവിടെ വൈദ്യവൃത്തിയിലേർപ്പെടുകയും ചെയ്തു.
* ഇക്കാലത്ത് അവർ, 1942 സെപ്തംബർ ഒന്നിന് സിംഗപ്പൂരിൽ രൂപംകൊണ്ട ഇന്ത്യൻ ഇൻഡിപെൻഡൻസ് ലീഗുമായി ബന്ധപ്പെടാനിടയായി. നേതാജി സുഭാഷ്ചന്ദ്രബോസിൻെറ ഇന്ത്യൻ നാഷണൽ ആർമിയുടെ ഝാൻസി റെജിമെൻറിൻെറ കമാൻറിങ് ആഫീസറായി അവർ നിയമിതയായി. ഈ സമയത്താണ് അവർ ഐഎൻഎയിലെ സജീവാംഗമായിരുന്ന പ്രേംകുമാർ സൈഗാളുമായി പരിചയപ്പെടാനിടയായത്. ആ സൗഹൃദത്തിൻെറ തുടർച്ചയെന്നോണം പിൽക്കാലത്ത് അവർ വിവാഹിതരായി.
* 1943 ഒക്ടോബർ 21 ന് നേതാജി രൂപം കൊടുത്ത ആസാദ് ഹിന്ദ് ഗവൺമെന്റിലെ ഏക വനിതാ അംഗമായിരുന്നു ക്യാപ്ടൻ ലക്ഷ്മി. 1944ൽ ഐഎൻഎയുടെ ആസ്ഥാനം റംഗൂണിലേക്ക് മാറ്റിയപ്പോൾ ലക്ഷ്മി അങ്ങോട്ടുപോയി. 1945ൽ ഐഎൻഎക്ക് പരാജയം നേരിട്ടു. നിരവധി ഐഎൻഎ ഭടന്മാരോടൊപ്പം ലക്ഷ്മിയെയും ബ്രിട്ടീഷ് പട്ടാളം ജയിലിലടച്ചു.
* ജയിൽമോചിതയായ ക്യാപ്ടൻ ലക്ഷ്മി 1946ൽ ഇന്ത്യയിൽ തിരിച്ചെത്തി. പിറ്റേവർഷം ലാഹോറിൽവച്ച് പ്രേംകുമാർ സൈഗാളും ക്യാപ്ടൻ ലക്ഷ്മിയും വിവാഹിതരായി (ഇതിനിടെ 1945ൽ നടന്ന ഐഎൻഎ ട്രയലിൽ വിചാരണ ചെയ്യപ്പെട്ട മൂന്നു പേരിൽ ഒരാൾ സൈഗാളായിരുന്നു).



* കാൺപൂരിൽ സൈഗാളിന് ജോലി ലഭിച്ചതിനാൽ അവർ അവിടെ താമസമുറപ്പിച്ചു. അവിടെ ഡോ. ലക്ഷ്മി പാവപ്പെട്ടവർക്കായി ഒരു ആശുപത്രി തുറക്കുകയും ശിഷ്ടകാലം ആതുരസേവനത്തിനായി സമർപ്പിക്കുകയും ചെയ്തു.
* 1998ൽ ഇന്ത്യാഗവർമെന്റ് ക്യാപ്ടൻ ലക്ഷ്മിക്ക് പത്മഭൂഷൺ നൽകി ആദരിച്ചു. 2002 ലെ പ്രസിഡണ്ട് തിരഞ്ഞെടുപ്പിൽ അവർ ഇടതുപക്ഷത്തിൻെറ പൊതുസ്ഥാനാർഥിയായി ഡോ. എപിജെ അബ്ദുൽകലാമിനെതിരെ മൽസരിച്ചു.
* 2012 ജൂലൈ 23–ന് കാൺപൂരിൽ ക്യാപ്ടൻ ലക്ഷ്മി അന്തരിച്ചു.

## സുശീലാ നയ്യാർ (1914–2000)

* സ്വാതന്ത്ര്യ സമരരംഗത്തെ സജീവസാന്നിധ്യമായിരുന്ന ഡോ.സുശീലാ നയ്യാർ മഹാത്മജിയുടെ സ്വകാര്യ ഡോക്ടർ ,ഗാന്ധിയൻ ആദർശങ്ങളുടെ മികച്ച പ്രചാരക എന്നീ നിലകളിൽ അനുപമമായ പ്രവർത്തനങ്ങളിലൂടെ ശ്രദ്ധേയയായ വനിതയാണ്.
* ഇപ്പോൾ പാകിസ്താനിൽ ഉൾപ്പെടുന്ന പഞ്ചാബ് പ്രവിശ്യയിൽ കുൻജ എന്ന സ്ഥലത്ത് 1914–ലാണ് സുശീലാ നയ്യാർ ജനിച്ചത്. ലേഡി ഹാർഡിഞ്ച് മെഡിക്കൽ കോളേജിൽനിന്ന് വൈദ്യശാസ്ത്ര ബിരുദംനേടിയ അവർ 1939–ൽ സേവാഗ്രാം ആശ്രമത്തിൽ ചേർന്നു.



* അക്കാലത്ത് വാർധയിൽ പടന്നുപിടിച്ച കോളറ നിയന്ത്രിക്കുന്നതിൽ അവർ ഒറ്റയ്ക്ക് കാണിച്ച മിടുക്ക് ഗാന്ധിജി ഉൾപ്പെടെ എല്ലാവരുടെയും പ്രശംസയ്ക്ക് അർഹമായി.
* ഡോ.ബി.സി.റോയിയുടെ അനുമതിയോടെ ഗാന്ധിജി സുശീലയെ തന്റെ സ്വകാര്യ ഡോക്ടറായി നിയമിച്ചു.ക്വിറ്റിന്ത്യാ സമരകാലത്ത് ഗാന്ധിജിക്കും മറ്റ് അനുയായികൾക്കും ഒപ്പം അവർ പൂനെയിലെ ആഗാഖാൻ കൊട്ടാരത്തിൽ തടവിലാക്കപ്പെട്ടു.
* 1944–ൽ സുശീല സേവാഗ്രാമിൽ ഒരു ചെറിയ ഡിസ്പെൻസറി ആരംഭിച്ചു. എന്നാൽ, ആശ്രമത്തിന്റെ ശാന്തതയെ ബാധിക്കുന്ന തരത്തിൽ അത് വളർന്നപ്പോൾ ബിർള ദാനം ചെയ്ത ഗസ്റ്റ് ഹൗസിലേക്ക് അതിനെ മാറ്റി. 1945–ൽ ഈ ക്ലിനിക്ക് കസ്തൂർബ ആശുപത്രിയായി (ഇപ്പോൾ മഹാത്മാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്).
* 1948–ൽ ഗാന്ധിജി വധിക്കപ്പെട്ടപ്പോൾ പഞ്ച്ഗനിയിൽവച്ച് 1944–ൽ ഗാന്ധിജിയുടെ ജീവനെടുക്കാൻ ഗോഡ്സെ നടത്തിയ ശ്രമത്തെക്കുറിച്ച് തെളിവു നൽകാൻ കപൂർ കമ്മിഷൻ മുമ്പാകെ അവർ ഹാജരാകുകയുണ്ടായി.
* ഗാന്ധിയുടെ മരണശേഷം സുശീല ഐക്യനാടുകളിൽ ഉപരിപഠനത്തിനുപോയി. 1950–ൽ തിരികെയെത്തി ഫരീദാബാദിൽ സാനട്ടോറിയം ആരംഭിച്ചു. ഗാന്ധി മെമ്മോറിയൽ ലെപ്രസി ഫൗണ്ടേഷനും അവർ സ്ഥാപിച്ചു.
* 1952–ൽ രാഷ്ട്രീയത്തിൽ പ്രവേശിച്ച സുശീല ഡൽഹി അസംബ്ലിയിൽ അംഗമായി. 1952 മുതൽ 1955 വരെ നെഹ്റു ക്യാബിനറ്റിൽ ആരോഗ്യമന്ത്രിയായി. 1957 മുതൽ 1971 വരെ ലോക്സഭാംഗമായി പ്രവർത്തിച്ചു. 1962–1967 കാലയളവിൽ വീണ്ടും കേന്ദ്ര ആരോഗ്യമന്ത്രിയായി. പിന്നീടവർ ജനതാ പാർട്ടിയിൽ ചേർന്നു. താമസിയാതെ രാഷ്ട്രീയം വിട്ടു.
* 1969–ൽ സുശീലാ നയ്യാർ സ്ഥാപിച്ച മഹാത്മാഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ വികസനപ്രവർത്തനങ്ങൾക്കായിട്ടാണ് അവർ പിന്നീട് ശ്രദ്ധ കേന്ദ്രീകരിച്ചത്. 2000 ജനുവരി മൂന്നിന് സുശീലാ നയ്യാർ വിടവാങ്ങി.

## ഉഷ മേത്ത (1922–2000)

* ഗാന്ധിജിയുടെ അനുയായിയും സ്വാതന്ത്ര്യസമരരംഗത്തെ മുന്നണിപ്പോരാളിയുമായിരുന്ന ഉഷ മേത്ത, 1942–ലെ ക്വിറ്റിന്ത്യാസമരകാലത്ത് ഏതാനും മാസം സീക്രട്ട് കോൺഗ്രസ് റേഡിയോ എന്ന സംരംഭം രഹസ്യമായി സംഘടിപ്പിക്കുന്നതിനു നടത്തിയ ശ്രമങ്ങളുടെ പേരിലാണ് ഓർമിക്കപ്പെടുന്നത്.
* ഗുജറാത്തിലെ സൂറത്തിലാണ് ഉഷ മേത്ത ജനിച്ചത്. അഹമ്മദാബാദിൽവച്ച് അഞ്ചുവയസ്സുള്ളപ്പോഴാണ് അവർ ആദ്യമായി ഗാന്ധിജിയെ കണ്ടത്. അതിനുശേഷം ഉഷയുടെ ഗ്രാമത്തിൽ ഗാന്ധിജി സംഘടിപ്പിച്ച ക്യാമ്പിൽ അവർ പങ്കെടുത്തു.
* 1928–ൽ എട്ടാം വയസ്സിൽ സൈമൺ കമ്മിഷനെതിരെയുള്ള പ്രതിഷേധപ്രകടനത്തിൽ പങ്കെടുത്ത് സൈമൺ ഗോ ബാക്ക് മുദ്രാവാക്യം മുഴക്കി. മദ്യഷോപ്പുകൾ പിക്കറ്റുചെയ്യുന്നതുൾപ്പെടെയുള്ള സമര സംരംഭങ്ങളിൽ ചെറുപ്രായത്തിൽത്തന്നെ അവർ പങ്കാളികളായി.
* ഉഷയുടെ പിതാവ് ബ്രിട്ടീഷ് സർക്കാരിൽ ജഡ്ജിയായി ഉദ്യോഗം വഹിക്കുന്നതിനാൽ മകളെ ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നതിന് പ്രോത്സാഹിപ്പിച്ചിരുന്നില്ല. എന്നാൽ, 1930 അദ്ദേഹം വിരമിച്ചതോടെ അതിന് മാറ്റംവന്നു. 1932–ൽ ഉഷയും കുടുംബവും ബോംബെയിലേക്ക് താമസം മാറ്റിയതുകാരണം സ്വാതന്ത്ര്യസമര പ്രവർത്തനങ്ങളിൽ കൂടുതലായി പങ്കെടുക്കാൻ ഉഷയ്ക്ക് അവസരം ലഭിച്ചു. ഗാന്ധിയൻ തത്ത്വങ്ങളിൽ അടിയുറച്ച വിശ്വാസം പുലർത്തിയ അവർ വിവാഹം വേണ്ടെന്നുവയ്ക്കുകയും ഖാദി വസ്ത്രങ്ങൾ ധരിച്ച് ലളിത ജീവിതം നയിക്കുകയും ചെയ്തു. ബോംബെയിലെ വിൽസൺ കോളേജിൽനിന്ന് 1939–ൽ തത്ത്വശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് നിയമപഠനം ആരംഭിച്ചെങ്കിലും ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്തപ്പോൾ പഠനം തടസ്സപ്പെട്ടു.
* 1942–ലെ ക്വിറ്റിന്ത്യാസമരകാലത്ത് പ്രധാന നേതാക്കളെ മുൻകരുതലിന്റെ ഭാഗമായി അറസ്റ്റ്ചെയ്ത് തടവിലാക്കിയതിനാൽ യുവനേതൃനിരയാണ് സമരത്തിന് ചുക്കാൻ പിടിച്ചത്. ഉഷയും മറ്റുചിലരും ചേർന്ന് സീക്രട്ട് കോൺഗ്രസ് റേഡിയോ എന്നൊരു പ്രക്ഷേപണസംവിധാനം ആരംഭിച്ചു. നേതാക്കളുടെ റെക്കോർഡ് ചെയ്ത പ്രസംഗവും മറ്റും പ്രക്ഷേപണം ചെയ്ത് സമരത്തെ പിന്തുണച്ചു. ഡോ.റാം മനോഹർലോഹ്യ, അച്യുത് പട്വർധൻ, പുരുഷോത്തം ത്രികംദാസ് തുടങ്ങിയവർ ഈ പ്രവർത്തനത്തിൽ പങ്കാളികളായി. റേഡിയോ സ്റ്റേഷൻ പൊലീസ് കണ്ടെത്തുകയും ഉഷ മേത്തയെയും കൂട്ടരെയും ജയിലിലടയ്ക്കുകയും ചെയ്തു. 1946–ൽ മൊറാർജി ദേശായി ബോംബെ സംസ്ഥാനത്ത് ആഭ്യന്തരമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ ഉത്തരവിലൂടെ മോചിതയായ ആദ്യ രാഷ്ട്രീയ തടവുകാരിയാണ് ഉഷ മേത്ത.



* സ്വാതന്ത്ര്യാനന്തരം പഠനം തുടർന്ന അവർ ബോംബെ സർവകലാശാലയിൽനിന്ന് ഡോക്ടറേറ്റ് നേടുകയും അവിടെത്തന്നെ അധ്യാപികയാകുകയും ചെയ്തു. 1980–ൽ വിരമിച്ചു. ഗാന്ധി പീസ് ഫൗണ്ടേഷന്റെയും ഭാരതീയ വിദ്യാഭവന്റെയും പ്രവർത്തനങ്ങളിൽ അവർ സജീവ പങ്കാളിത്തം വഹിച്ചിരുന്നു.
* 1998–ൽ രാഷ്ട്രം രണ്ടാമത്തെ ഉയർന്ന സിവിലിയൻ ബഹുമതിയായ പദ്മവിഭൂഷൺ നൽകി അവരെ ആദരിച്ചു.
* 2000 ഓഗസ്റ്റ് 11–ന് ഉഷാ മേത്ത അന്തരിച്ചു. ●

# Modern India

## Practice Test

1. 'The Grand Old Lady of Indian National-ism'
   (a) Annie Besant (b) Sarojini Naidu
   (c) Indira Gandhi (d) None of these
2. In which year Central Hindu School was Established ?
   (a) 1896 (b) 1898
   (c) 1900 (d) 1912
3. The Head quarters of Home Rule Movement launched by Annie Besant
   (a) Mumbai (c) Pune
   (c) Adayar (d) None of these
4. The US President who intervened for the release of Annie Besant when she was detained under Defence of India Act ?
   (a) Woodrow Wilson (b) Harry S Truman
   (c) FD Roosevelt (d) None of these
5. The first woman of foreign origin who appeared on the stamp of Independant India ?
   (a) Annie Besant (b) Mother Teresa
   (c) Florence Nightingale
   (d) None of these
6. Founder of Arya Mahila Samaj ?
   (a) Saroji Naidu
   (b) Pandita Remabhai
   (c) Annie Besant (d) None of these
7. Annie Besant passed away ?
   (a) 1931 (b) 1932
   (C) 1933 (D) 1934
8. Who established Sarada Sadan in Mumbai in 1889 ?
   (a) Annie Besant (b) Sarojini Naidu
   (b) Madam Cama (d) Rama Bhai
9. Who became the publisher of 'Vandemataram'in 1909 ?
   (a) Sucheta Kripalani (b) Madam Cama
   (c) Annie Besant (d) Sarojini Naidu
10. First Health Minister of Independant India ?
   (a) Rajkumari Amrit Kaur (b) Vijayalakshmi Pandit
   (c) Sarojini Naidu (d) None of these
11. Who is called 'Mother of Indian Revoilution' ?
   (a) Annie Besant (b) Madam Cama
   (c) Aruna Asaf Ali (d) None of these
12. The first Indian Woman to hold the post of Minister ?
   (a) Indira Gandhi (b) Sucheta Kripalani
   (c) Vijayalakshmi Pandit (d) None of these
13. The first woman Chief Minster of India ?
   (a) Vijayalekshmi Pandit (b) Indira Gandhi
   (c) Sucheta Kripalani (d) None of these
14. Who led the Indian delegation to United Nations during the period 1946-68?
   (a) Indira Gandhi (b) Sucheta Kripalani
   (C) Vijayalakshmi Pandit (d) None of these
15. Who sang 'Vandamataram' in Constituent Assembly at the time of transfer of power in 1947 ?
   (a) Susheela nayyar (b) Saroji Naidu
   (c) Sucheta Kripalani (d) Indira Gandhi
16. The first womant o become a member of Planning Commission
   (a) Aruna Asaf Ali
   (b) Susheela Nayyar
   (c) Sucheta Kripalani
   (d) Durgabhai Deshmukh
17. Who is known as the Heroine of Quit India Movement ?
   (a) Aruna Asaf Ali (b) Indira Gandhi
   (c) Vijayalekshmi Pandit
   (d) Kasturba Gandhi
18. Who was the first Chairperson of Central Social Welfare Board ?
   (a) Sucheta Kripalani
   (b) Durgabhai Deshmukh
   (c) Sarojini Naidu
   (d) Rajkumari Amrit kaur
19 Who was the first woman Mayor of Delhi ?
   (a) Aruna Asaf Ali
   (b) Susheela Nayyar
   (b) Captain Lekshmi (d) None of these
20. Who was the personal physician of Mahathma Gandhi?
   (a) Susheela Nayyar (b) Usha Mehta
   (b) Saroji Naidu (d) None of these
21 Who organised Congress Secret Radio during Quit India Movement to support the agitation ?
   (a) Susheela Nayyar (b) Indira Gandhi
   (c) Lekshmi Seghal (d) Usha Mehta
22 Who appeared before Kapur Commission to give evidence about the attempt on the life of Gandhi by Godse in 1944 at Panchgani ?
   (a) Sarojini Naidu (b) Sucheta Kripalani
   (c) Aruna Asaf Ali (d) Susheela Nayyar
23. Who contested against Dr. APJ Abdul Kalam in th Presidential Election of 1997?
   (a) Usha Mehta (b) Vijayalakshmi Pandit
   (c) Captain Lekshmi (d) None of these
24. The First woman ambassador of India ?
   (a) Vijayalekshmi Pandit (b) Susheela Nayyar
   (c) Usha Mehta (d) None of these
25. The First woman to get Bharat Ratna Posthumously
   (a) Indira Gandhi (b) Mother Theresa
   (c) Aruna Asaf Ali (d) None of these

### ANSWERS

| | | | | | |
|---|---|---|---|---|---|
| 1(a) | 2(b) | 3(c) | 4(a) | 5(a) | 6(b) |
| 7(c) | 8(d) | 9(b) | 10(a) | 11(b) | 12(c) |
| 13(c) | 14(c) | 15(c) | 16(d) | 17(a) | 18(b) |
| 19(a) | 20(a) | 21(d) | 22(d) | 23(c) | 24(a) |
| 25(c) | | | | | |

# One Word Substitutions

## General English

Dead letter - An unclaimed letter
Deaf - One who cannot hear
Debar - Prevent a person from admission or a right.
Declamation - Act or art of rhetorical exercise.
Delegate - To give one
Democracy - Government of the people, for the people, by the people
Demonstration - Show of force to intimidate.
Depreciate - To go down in value
Dermatology - Study of skin.
Desert - Where neither water nor vegetation is found.
Deteriorate - To go from bad to worse
Dictatorship - Government carried on by an absolute ruler.
Dictionary - A book dealing with words in alphabetical order
Dieting - A small allowance of food to become slim.
Digestible - That which can be digested
Dipsomania - A strong desire to take liquor.
Disenfranchisement - To take away some one
Divisible - That Which can be divided.
Dotage - Extreme old age when one behaves like a child
Draw - A game in which neither party wins
Drawn - Tie A game or batter in which neither party wins
Drought - Continuous dry weather and lack of rain and water.
Dumb - One who cannot speak
Eccentric - One who has strange habits
Ecology - Study of environment
Edible - A thing that is fit to be eaten
Effeminate - Of a man showing feminine attributes
Efficacious - Sure to produce desired results
Egotist - A person who always thinks of himself ; somebody who
Eligible - One who is qualifies for election
Elucidate - To explain something mysterious or difficult
Embezzlement - Misappropriation of money
Emigrant - One who goes to live in a foreign country
Emissary - Q person sent on a mission.[usually official]
Emphasize - To lay special stress on
Employer - One who employs.
Endemic - A disease prevailing in a locality
Entomology - Study of insects
Epic - A long narrative poem
Epicure - Somebody who has refined taste for food; somebody
Epidemic - A contagious disease which spreads over a huge area
Epilogue - A speech given after conclusion of drama.
Epistle - Verse in form of a letter.
Epitaph - Inscription on a tombstone
Equestrian - A person who rides on horse-back
Equilibrium - A state of perfect balance
Eradicate - Destroy or get rid of something completely; root out an
Essential - Thing without which we cannot do
Ethnology - A study of races
Etiquette - Established rules of conduct; rules of acceptable
Etymology - A study of word, science deals which formation of words
Examinee - One who is taking examination.
Examiner - One who examine the copies of examinees.
Exile - Made to be absent for a long time from one's own
Exonerate - Free somebody from blame or guilt
Expatriate - To send out of native country.
Expurgate - To remove all objectionable matter.
Extempore - A speech delivered without any previous preparation
Extradite - To send back the criminal to the country.
Facsimile - An exact copy
Fanatic - A man who has too much enthusiasm for his own
Fastidious - A person difficult to please
Fatal - Anything that leads to death
Fatalist - A person who believes in fate
Feminist - One who thinks only of welfare of women
Foregone - Something that has been determined beforehand
Forgery - Falsification of documents etc.
Foster chil - Child brought by persons, who are not his parents.
Franchise - Constitutional right to cast vote.
Fratricide - The murder or murderer of brother or sister
Galaxy - Irregular luminous band of stars.
Garage - A shed for motor car.
Gazette - A government publication relating to order, notification
Geology - Study of Earth
Germicide - A medicine that kills germs
Glossary - A long list of words with their meaning.
Glutton - One who eats too much
Grammar - Art and science dealing with a language.
Granary - A store house for a threshed grain.
Gratis - Without payment
Gregarious - Of animals living in flocks
Gullible - One who is easily deceived
Harangue - A noisy and loud speech before a long gathering.
Hearse - Vehicle to carry dead bodies.
Herbivorous - A grass eating animal
Heritage - what is got from ancestors
Heterogeneous - Things of different nature
Histology - Study of Tissue
Homicide - Murder of a human being
Homogeneous - Thing of same nature.
Honey moon - The first night of newly married couple.
Honorary - A position for which no salary is paid
Horizon - The point where the earth and sky seem to meet.
Hospitable - Fond of entertaining guests.
Hostility - Intense aggression or anger state of antagonism
Humanitarian - One who feels sympathetic towards human beings
Hung - Assembly or parliament in which no party has got clear
Hydra - A serpent with many heads
Hydrophobia - A fear from water
Hypocrite - One who pretends to be what he is not
Hypothesis - A tentative assumption.



# Quiz Corner

Anubhesh Sudhakaran

- Who has captained his team for most number of matches in the Cricket World Cup?
  **Ricky Ponting (30 Matches)**
- Name the other 3 countries which celebrates their Independence or National day on August 15th ?
  **South Korea, Republic of Congo & Bahrain**
- Who became the first foreign coach to be awarded the Dronacharya Award?
  **B I Fernandez (Cuba) – Boxing Coach (2012)**
- Which country's News Daily is Grandma?
  **Cuba**
- Which Indian President translated Plato's Republic to Urdu Language?
  **Dr. Zakir Hussain**
- The former US President Bill Clinton was known for playing which musical instrument?
  **Saxophone**
- Which Indian President participated in the Irish Freedom Struggle and even served a jail term for it?
  **V V Giri**
- Which temple in Kerala permitted entry to people of all castes even before the Temple entry proclamation?
  Oachira Parabrahma Temple
- Which is the only country that is crossed by both the Equator and the Tropic of Capricorn?
  **Brazil**
- Which Olympic medalist made his debut in the film Rajadhani Express in January 2013?




  **Leander Paes**
- Expand CDMA?
  **Code Division Multiple Access**
- What day is observed on the 2nd Sunday of May and the 3rd Sunday of June ?
  **Mother's Day & Father's Day**
- The name of which Indian state literally means land of the hill people?
  **Mizoram**
- The Peacock was declared the National Bird of India in 1963. Which was the other bird considered for this status, but left out ?
  **Great Indian Bustard**
- Mian Mir, a Sufi saint laid the foundation stone for a very famous monument of another religion in India. Identify the monument?
  **The Golden Temple**



- Kadathanadan Ambadi was Prem Nazir's last film to be released (in 1990). The dubbing was made after his death. Who dubbed for him ?
  **Shammi Thilakan**
- Which disease have a Blue Cirlce as its universal Symbol?
  **Diabetes Mellitus**
- By whom and for what is the Sree Padmanabha Swamy Sammanam given every year ?
  **Kerala Sahitya Academy for Child Literature.**
- Which is the first private FM radio station of Kerala ?
  **Radio Mango 91.9**
- Name the freedom fighter who was arrested along with Bhagat Singh in the Central Assembly Bomb Case and sentenced for a life time imprisonment?
  **Batukeshwar Dutt**
- What was the name of the young girl who wrote to Abraham Lincoln asking him to grow a beard?
  **Grace Bedell**
- Name the freedom fighter, who died in the Lahore jail after a 63 days hunger strike?
  **Jatindra Nath Das**
- In which year was the English East India Company dissolved?
  **1874**
- Who is the chief editor of the internet e - paper Billion Beats?
  **APJ Abdul Kalam**



- Which is the only word in English begins and ends with UND ?
  **UNDERGROUND**
- Isa Khan Effendi, a world famous architect from Egypt is credited with the design of a famous structure, which one?
  **Taj Mahal**
- Who is the director of the movie Chandrayaan?
  **Santhosh George Kulangara**
- Who suggested the name Ranji Trophy for India's highest domestic cricket tournament?



  **Mahatma Gandhi**
- Identify the beach in which the film Chemmen was shooted?
  **Nattika**
- Which is the only fort of Denmark built in India?
  **Fort Dansborg at Tharangambadi in Nagapattinam district in the Indian state of Tamil Nadu**
- Other than Rabindranath Tagore, who wrote the national anthems for two countries?
  **Francisco Esteban Acuna de Figueroa wrote the national anthem of Uraguay and Paraguay**
- Who is the only person in the world to have been married to the Presidents of two nations and thus being the First Lady of two Nations?
  **Graca Machel - She is third wife of former South African President Nelson Mandela and the former widow of the late Mozambican President Samora Machel.**
- Name the international multi-sport event, meant for sports, or disciplines or events within a sport, that are not contested in the Olympic Games?
  **The World Games held in every 4 years**
- We use Black colour as the symbol of sorrow and White as the symbol of peace. But there is a country where White is used as a token of sadness. Which is the country?
  **China**
- The Parliament of which country comprises the Rashtriya Sabha and the Pratinidhi Sabha?
  **Nepal**



- Naveen Chawla, the former Chief Election Commissioner of India was the official biographer of a famous woman. Identify the lady?
  **Mother Teresa**
- Who is the first Keralite to become the office bearer of the BCCI and what position was held by him?
  **Lt. Col.G.V.Raja, Vice President of BCCI**
- In which organisation in the world does the post of Secretary General revolve alphabetically?
  **ASEAN**
- Which project in Kerala has the tag line 'Gateway to Opportunities'?
  **Akshaya**
- What is the name of the photographer who got worldwide acclaim for the famous photograph of Che Guevara?
  **Alberto Korda**
- Which is the most leaning building in the world?
  **Capital Gate in Abu Dhabi**
- Whose poem is inscribed at the entrance of Wimbledon tennis court?
  **Rudyard Kipling's poem If**
- Which chemical element is the main constituent of photographic emulsions?
  **Silver**
- Which part of the body might a doctor examine using an Otoscope?
  **Ear**
- Name the only person who became the member of Kochi Assembly, Thiru Kochi Assembly, Kerala Legislative Assembly, Lok Sabha & Rajya Sabha?
  **K Karunakaran**
- Which day is celebrated as the Territorial Army Day in India?
  **October 9**
- Name the Mughal Emperor who ruled Delhi after Aurangzeb?
  **Bahadur Shah I**
- The Pulitzer prize is awarded for which all categories?
  **Journalism, Music & Literature**
- Name the only sports person in India, who has received the Rajiv Gandhi Khel Retna, Arjuna Award & the Dronacharya Award?
  **Pullela Gopichand**

# ബജറ്റ്

## Indian Economy

* ഒരു സാമ്പത്തിക വർഷത്തിൽ രാജ്യത്തിന് പ്രതീക്ഷിക്കാവുന്ന വരവുകളുടെയും ചെലവുകളുടെയും രേഖയാണ് ബജറ്റ്. ഇതിന്റെ മറ്റൊരു പേരാണ് വാർഷിക സാമ്പത്തിക പ്രസ്താവന. ഭരണഘടനയുടെ ആർട്ടിക്കിൾ 112 പ്രകാരമാണ് ബജറ്റ് അവതരിപ്പിക്കുന്നത്.
* ഏപ്രിൽ ഒന്നു മുതൽ അടുത്ത വർഷം മാർച്ച് 31 വരെയാണ് ഇന്ത്യയിൽ സാമ്പത്തിക വർഷം. എന്നാൽ, കലണ്ടർ വർഷത്തെതന്നെ സാമ്പത്തിക വർഷമായി കണക്കാക്കുന്ന രാജ്യങ്ങളാണ് ലോകത്ത് ഏറ്റവുമധികമുള്ളത്.
* ധനമന്ത്രിയാണ് പാർലമെന്റിൽ ബജറ്റ് അവതരിപ്പിക്കുന്നത്. ഇന്ത്യയിൽ ബജറ്റ് അവതരണം എല്ലാ വർഷവും ഫെബ്രുവരിയിലെ അവസാനത്തെ പ്രവർത്തി ദിവസമാണ്.
* പൊതു തിരഞ്ഞെടുപ്പിന് തൊട്ടുമുമ്പോ ശേഷമോ അവതരിപ്പിക്കുന്ന ബജറ്റാണ് ഇടക്കാല ബജറ്റ്.




ആർ.കെ.ഷൺമുഖം ചെട്ടി

* സ്വതന്ത്ര ഇന്ത്യയുടെ ആദ്യ ബജറ്റ് അവതരിപ്പിച്ചത് പ്രഥമ കേന്ദ്രധനമന്ത്രിയായിരുന്ന ആർ.കെ.ഷൺമുഖം ചെട്ടിയാണ് (1947 നവംബർ 26). ഡോ.ജോൺമത്തായിയാണ് ഇന്ത്യയുടെ രണ്ടാമത്തെ ധനമന്ത്രി. ഈ പദവിയിലെത്തിയ ആദ്യ മലയാളിയാണദ്ദേഹം.
* ഇന്ത്യയിൽ ഏറ്റവും കൂടുതൽ ബജറ്റുകൾ അവതരിപ്പിച്ചിട്ടുള്ളത് മൊറാർജി ദേശായി ആണ്. സ്വന്തം ജന്മദിനത്തിൽ (ഫെബ്രുവരി 29) ബജറ്റ് അവതരിപ്പിക്കാൻ അവസരമുണ്ടായ ഏക ഇന്ത്യക്കാരനാണദ്ദേഹം. ധനമന്ത്രിപദം, ഡപ്യൂട്ടി പ്രധാനമന്ത്രി പദം എന്നിവ ഒരേസമയം വഹിച്ച ഏക ഭാരതീയനും ദേശായിയാണ്.
* മൊറാർജി ദേശായി രാജിവച്ചപ്പോൾ ഇന്ദിരാ ഗാന്ധി ധനവകുപ്പ് ഏറ്റെടുത്തു. ഇന്ത്യയിൽ ധനവകുപ്പിന്റെ ചുമതല വഹിച്ച ഏക വനിതയാണ് ഇന്ദിരാ ഗാന്ധി. ഇന്ത്യയിൽ ബജറ്റ് അവതരിപ്പിക്കുന്നതിന് അവസരം ലഭിച്ച ഏക വനിതയാണവർ (1970)
* ഒരു കുടുംബത്തിൽ നിന്ന് ബജറ്റ് അവതരിപ്പിച്ച മൂന്ന് തലമുറയിൽപ്പെട്ടവരാണ് ജവാഹർലാൽ നെഹ്റു, ഇന്ദിരാ ഗാന്ധി, രാജീവ് ഗാന്ധി എന്നിവർ.
* ലോക്സഭയിൽ ആദ്യമായി ബജറ്റ് അവതരിപ്പിച്ച ധനമന്ത്രി സി.ഡി.ദേശ്മുഖ് ആണ് (1952).
* ബജറ്റ് അവതരിപ്പിച്ചശേഷം രാഷ്ട്രപതിയായ ആദ്യ വ്യക്തി ആർ.വെങ്കിട്ടരാമൻ. രണ്ടാമൻ പ്രണബ് മുഖർജി.
* രണ്ട് വിരുദ്ധ മുന്നണികളിൽ ധനമന്ത്രിയാകാനുള്ള യോഗമുണ്ടായത് പി.ചിദംബരത്തിന് (ഐക്യമുന്നണി, കോൺഗ്രസ്).
* ലോകത്തിൽ ഏറ്റവും വലിയ ബജറ്റുള്ള രാജ്യം അമേരിക്കൻ ഐക്യനാടുകളാണ്.

### ബ്രിട്ടീഷിന്ത്യയിലെ ആദ്യ ബജറ്റ്

* ഇന്ത്യക്കുവേണ്ടി ഒരു ബജറ്റ് ആദ്യമായി അവതരിപ്പിച്ചത് ജെയിംസ് വിൽസണാണ്. വൈസ്രോയിയുടെ ഉപദേശക കൗൺസിലിലെ സാമ്പത്തിക കാര്യ അംഗം എന്ന നിലയിലാണ് അദ്ദേഹം ബജറ്റ് അവതരിപ്പിച്ചത്. ധനമന്ത്രിക്ക് തുല്യമായ പദവിയാണിത്. ബ്രിട്ടണിൽ ഫിനാൻസ് സെക്രട്ടറി പദം വഹിച്ച പരിചയ സമ്പത്തുമായിട്ടാണ് അദ്ദേഹം ഇന്ത്യയിലേക്ക് വന്നത് (1859). ദ ഇക്കണോമിസ്റ്റ് എന്ന വാരികയുടെ സ്ഥാപകനാണദ്ദേഹം. ഇന്ത്യൻ ബജറ്റിന്റെ പിതാവ് എന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാറുണ്ട്.
* സ്വതന്ത്ര ഇന്ത്യയുടെ ബജറ്റിന്റെ പിതാവ്, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്സിന്റെ പിതാവ് എന്നിങ്ങനെ വിളിക്കുന്നത് പി.സി.മഹലനോബിസിനെയാണ്.



ജെയിംസ് വിൽസൺ



പി.സി.മഹലനോബിസ്

### റെയിൽവേ ബജറ്റ്

* ഇന്ത്യയിൽ റെയിൽവേയ്ക്ക് വേണ്ടി പ്രത്യേക ബജറ്റ് അവതരിപ്പിക്കുന്നു. ഫെബ്രുവരി മൂന്നാം വാരത്തിലാണ് റെയിൽവേ ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുന്നത്. 1924 മുതലാണ് റെയിൽവേ ബജറ്റ് പ്രത്യേകമായി അവതരിപ്പിച്ചു തുടങ്ങിയത്.
* ഇന്ത്യയിൽ വധിക്കപ്പെട്ട ആദ്യ കേന്ദ്രമന്ത്രിയാണ് 1975–ൽ ബീഹാറിലെ സമസ്തിപ്പൂർ റെയിൽവേ സ്റ്റേഷനിലുണ്ടായ സ്ഫോടനത്തിലേറ്റ പരിക്കുകളെത്തുടർന്ന് മരണപ്പെട്ട ലളിത് നാരായൺ മിശ്ര.

# The World's Local Bank

## Selected Questions

1. During times of inflation bank rate is:
   (a) kept constant (b) raised
   (c) lowered (d) None of these
2. The stock market index of London Stock Exchange is:
   (a) Footsie (FTSE) (b) NIFTY
   (c) Sensex (d) Bullish
3. 'Money is what money does'-whose definition is this?
   (a) Walras (b) Williamson
   (c) Wagner (d) Walker
4. Which of the following is a non-economic good?
   (a) Gold (b) Milk
   (c) Water in rivers (d) Cinema Ticket
5. 'Participatory Notes' are associated with:
   (a) Life Insuranc
   (b) Foreign Direct Investment
   (c) Foreign Insitutional Investment
   (d) Mutual Funds
6. The committee set up to review the concept of poverty line was:
   (a) Dutt Committee
   (b) Wanchoo Committee
   (c) Lakdawala Committee
   (d) Chakravarthy Committee
7. The first Chairman of Indian Planning Commission:
   (a) Jawaharlal Nehru (b) C.Rangarajan
   (c) Dr.S.Radhakrishnan
   (d)Dr.Rajendraprasad
8. The celebrated work on Indian economic history 'The Industrial Evolution in India in Recent Times' was written by:
   (a) R.C.Dutt (b) D.R.Gadgil
   (c) D.Naoroji (d) William Digby
9. When there is a market dominated by a small number of sellers- what is this condition called?
   (a) Monopoly (b) Monopsony
   (c) Monopoly (d) Oligopoly
10. 'The World's Local Bank' is the tag line of which bank?
    (a) ABN Amro
    (b) Standard Chartered Bank
    (c) HSBC (d) City Bank
11. The SEBI stands for:
    (a) State Earning Board of India
    (b) Securities and Exchange Bank of India
    (c) Securities and Exchange Board of India
    (d) State Exchange Bank of India
12. Who has designed the symbol of Indian Rupee?



    (a) D.Ramkumar (b) D.Udayakumar
    (c) D.Jyothikumar (d) D.Ajayakumar
13. High performance delivered- is the tag line of which company?
    (a) IBM (b) Accenture
    (c) Apple Macintosh (d) Microsoft
14. Which one of the following is not a function of the Reserve Bank of India?
    (a) Banker to the Government
    (b) Keeping foreign exchange reserve
    (c) Issuing one rupee coin and note
    (d) Regulating credit in the country
15. Marakesh is famous for:
    (a) International Criminal Court
    (b) World Bank
    (c) World Trade Organisation
    (d) GATT
16. Which institution established on 1st April 1935 and headed by Sir Osborn Smith?
    (a) IOA (b) Reserve Bank of India
    (c) Bombay Dyeing (d) LIC
17. 'Life is Good' is the tag line of which of the following consumer durable company in India?
    (a) Philips (b) LG
    (c) Samsung (d) Videocon
18. Kirit Parikh Committee was set up to review:
    (a) Petroleum pricing
    (b) Parliamentary affairs
    (c) Telecommunications
    (d) Centre-State relations
19. Which of the following is not one of the Bretton Woods institutions?
    (a) World Bank (b) IMF
    (c) IFC (d) ADB
20. The economic planning proposed by eight leading industrialists in 1945 is known as:
    (a) People's plan (b) Five Year Plan
    (c) Bombay plan (d) Colombo Plan
21. The Indian capital market is under the control of:
    (a) RBI (b) Ministry of Finance
    (c) SEBI (d) SBI
22. Which is known as 'Plastic Money'?
    (a) Cheque (b) Coin
    (c) Bond (d) Credit Card
23. What is functioned in Phiroze Jeejeebhoy Towers ?
    (a) LIC (b) SBI
    (c) Bombay Stock Excahnge
    (d) None of these
24. The originator of Human Development Index:
    (a) Mahbub ul Haq (b) Sia Ul Haq
    (c) Ken Saro Viva (d) Adam Smith
25. Who propounded the Innovation Theory of profits?
    (a) J.A.Schumpeter (b) P.A.Samuelson
    (c) Alfred Marshall (d) David Ricardo

### Answers

1 (b) 2(a) 3 (d) 4 (c) 5(c) 6(c) 7(a) 8(b) 9(d) 10(c) 11(c) 12(b) 13(b) 14(c) 15(c) 16(b) 17(b) 18(a) 19(d) 20(c) 21(c) 22(d) 23(c) 24(a) 25(a)


# നാഡീവ്യവസ്ഥ (Nervous System)

## Biology

* കേന്ദ്രനാഡീ വ്യവസ്ഥയിൽ മസ്തിഷ്കവും സുഷുമ്നയും ഉൾപ്പെടുന്നു.
* കേന്ദ്ര നാഡീവ്യവസ്ഥയുടെ ധർമം നാഡീവ്യൂഹത്തെ മുഴുവൻ നിയന്ത്രിക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ്.

### മസ്തിഷ്കം

* മസ്തിഷ്കത്തിന്റെ ശരാശരി ഭാരം ഒന്നര കിലോഗ്രാമാണ്. ശരീരഭാരത്തിന്റെ രണ്ടു ശതമാനമാണിത്.
* സ്ത്രീകളുടെ മസ്തിഷ്കത്തിന് 1130 ക്യുബിക് സെന്റീമീറ്ററും പുരുഷൻമാരുടേതിന് 1260 ക്യുബിക് സെന്റീമീറ്ററും വ്യാപ്തമുണ്ടാകും.
* ഏകദേശം 200 ബില്യൺ ന്യൂറോണുകൾ ഉള്ളതായി കണക്കാക്കപ്പെടുന്നു.
* മനുഷ്യശരീരത്തിലെ ഊർജത്തിന്റെ 20 ശതമാനം ഉപയോഗിക്കുന്നത് മസ്തിഷ്കമാണ്.
* മസ്തിഷ്കത്തിന്റെ ഇടതുഭാഗം ശരീരത്തിന്റെ വലതുഭാഗത്തിന്റെ പ്രവർത്തനങ്ങളെയും വലതുഭാഗം ശരീരത്തിന്റെ ഇടതു ഭാഗത്തിന്റെ പ്രവർത്തനങ്ങളെയും നിയന്ത്രിക്കുന്നു.
* തലയോടിനുള്ളിലാണ് (Skull) മസ്തിഷ്കം സംരക്ഷിക്കപ്പെട്ടിരിക്കുന്നത്.
* മസ്തിഷ്കത്തിന്റെ അസ്ഥിനിർമിതമായ കവചമാണ് കപാലം (ക്രേനിയം).
* മസ്തിഷ്കത്തെ സംരക്ഷിക്കുന്ന മൂന്നു പാളികളുള്ള സ്തരമാണ് മെനിഞ്ജസ്. മെനിഞ്ജസിനുള്ളിൽ നിറഞ്ഞിരിക്കുന്ന ദ്രാവകമാണ് സെറിബ്രോ സ്പൈനൽ ഫ്ളുയിഡ്.
* മെനിഞ്ജസിന് അണുബാധയുണ്ടാകുന്നത് മൂലമുണ്ടാകുന്ന രോഗമാണ് മെനിഞ്ജൈറ്റിസ് അഥവാ മസ്തിഷ്കജ്വരം.
* അൽഷിമേഴ്സ് രോഗം, പാർക്കിൻസൺസ് രോഗം, മൾട്ടിപ്പിൾ സ്ക്ലീറോസിസ് എന്നിവയും മസ്തിഷ്കത്തെ ബാധിക്കുന്ന രോഗങ്ങളാണ്.
* സെറിബ്രം, സെറിബല്ലം, മെഡുല്ല ഒബ്ളാംഗേറ്റ എന്നിങ്ങനെ മസ്തിഷ്കത്തെ മൂന്നായി തിരിക്കാം.




### സെറിബ്രം

* മസ്തിഷ്കത്തിന്റെ ഏറ്റവും വലിയ ഭാഗമാണ് സെറിബ്രം.
* ന്യൂറോണുകൾ തിങ്ങിനിറഞ്ഞുനിൽക്കുന്ന സെറിബ്രത്തിന്റെ പുറംഭാഗം ഗ്രേ മാറ്റർ എന്നറിയപ്പെടുന്നു.
* അനേകം ചുളിവുകളും മടക്കുകളുമുള്ളതിനാൽ കൂടുതൽ ന്യൂറോണുകളെ ഉൾക്കൊള്ളാൻ ഗ്രേ മാറ്ററിനു കഴിയുന്നു.
* സെറിബ്രത്തിന്റെ ഉൾഭാഗമാണ് വൈറ്റ് മാറ്റർ. വെളുത്ത നിറത്തിലുള്ള മയലിൻകൊണ്ട് ആവരണം ചെയ്യപ്പെട്ട നാഡീ തന്തുക്കൾ നിറഞ്ഞതാണ് ഈ ഭാഗം.
* സെറിബ്രത്തിന്റെ ഇടത്-വലത് അർധഗോളങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നാഡീകലയാണ് കോർപ്പസ് കളോസം.
* സെറിബ്രമാണ് ചിന്ത, ബുദ്ധി, ഓർമ, ഭാവന എന്നിവയുടെ കേന്ദ്രം.
* കാഴ്ച, കേൾവി,ഗന്ധം, രുചി, സ്പർശം എന്നിവ അനുഭവിക്കുന്നത് സെറിബ്രമാണ്.
* ബോധപൂർവം നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിക്കുന്നത് സെറിബ്രമാണ്.

### സെറിബല്ലം

* മസ്തിഷ്കത്തിലെ രണ്ടാമത്തെ വലിയ ഭാഗമാണ് സെറിബല്ലം. സെറിബ്രത്തിനു പിന്നിൽ താഴെയായിട്ടാണ് സ്ഥാനം.
* ശരീരത്തിന്റെ തുലനനില പാലിക്കുക, മാംസപേശികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുക എന്നിവയാണ് ധർമങ്ങൾ.
* ലിറ്റിൽ ബ്രയിൻ എന്നറിയപ്പെടുന്നത് സെറിബല്ലമാണ്.

### മെഡുല്ല ഒബ്ലാംഗേറ്റ

* മസ്തിഷ്കത്തിന്റെ ഏറ്റവും ചുവട്ടിലെ ഭാഗം. സെറിബല്ലത്തോട് ചേർന്ന് ദണ്ഡുപോലെ കാണപ്പെടുന്ന ഇത് ശ്വാസോച്ഛ്വാസം, ഹൃദയസ്പന്ദനം, രക്തക്കുഴലുകളുടെ സങ്കോചം തുടങ്ങിയ അനൈഛിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നു.
* തുമ്മൽ, ചുമ തുടങ്ങിയവയുടെ നിയന്ത്രണ കേന്ദ്രങ്ങളും മെഡുല്ല ഒബ്ലാംഗേറ്റയിലുണ്ട്.
* മെഡുല്ല ഒബ്ലാംഗേറ്റയുടെ തുടർച്ചയാണ് സുഷുമ്ന.

### തലാമസ്

* തലച്ചോറിന്റെ ഉൾഭാഗത്തുള്ള നാഡീകേന്ദ്രമായ തലാമസ് സെറിബ്രത്തിൽനിന്ന് സെറിബല്ലത്തിലേക്കുള്ള ആവേഗങ്ങളുടെ പുന:പ്രസരണ കേന്ദ്രമാണ്.
* വേദനസംഹാരികൾ പ്രവർത്തിക്കുന്നത് തലാമസിലാണ്. അതിനാൽ, സെറിബ്രത്തിലേക്കുള്ള വേദനയുടെ ആവേഗങ്ങൾ തടയപ്പെടുന്നു.

### ഹൈപ്പോതലാമസ്

* തലാമസിനു തൊട്ടുതാഴെ കാണപ്പെടുന്ന നാഡീകേന്ദ്രമായ ഇത് ദാഹം, വിശപ്പ്, ലൈംഗികാസക്തി,സുഖാനുഭൂതി,ശരീരതാപനില എന്നീവ നിയന്ത്രിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.
* വാസോപ്രസിൻ, ഓക്സിടോസിൻ എന്നീ ഹോർമോണുകൾ ഉൽപാദിപ്പിക്കുന്നതും ഹൈപ്പോതലാമസ് ആണ്.
* ഹൈപ്പോതലാമസിന്റെ ഭാഗത്താണ് പീയുഷഗ്രന്ഥി (പിറ്റ്യുറ്ററി ഗ്രന്ഥി) കൂടിച്ചേരുന്നത്.

### സുഷുമ്ന

* മെഡുല്ല ഒബ്ലാംഗേറ്റ മുതൽ നട്ടെല്ലിന്റെ കീഴറ്റംവരെ എത്തുന്ന വെളുത്ത ഭാഗമാണിത്.
* റിഫ്ളക്സ് പ്രവർത്തനത്തിന്റെ മുഖ്യ പ്രവർത്തനഘടകമായ സുഷുമ്ന നട്ടെല്ലിലുള്ളിലാണ് സ്ഥിതിചെയ്യുന്നത്.
* സുഷുമ്നയുടെ ശരാശരി നീളം 43 മുതൽ 45 വരെ സെന്റീമീറ്ററാണ്.
* സുഷുമ്നയിൽനിന്ന് 31 ജോടി നാഡികൾ ഉൽഭവിക്കുന്നു.
* സംസാരഭാഷയ്ക്കുള്ള ശരീരത്തിലെ പ്രത്യേക കേന്ദ്രമാണ് ബ്രോക്കാസ് ഏരിയ.
* കണ്ടുപരിചയിച്ച വസ്തുവിന്റെ പേരുകേട്ടാൽ മനസ്സിൽ അതിന്റെ ചിത്രം തെളിയും. സെറിബ്രത്തിന്റെ വെർണിക് ഏരിയ എന്ന ഭാഗമാണ് ഈ കഴിവിന് ആധാരം.

### ശിരോനാഡികൾ

* മസ്തിഷ്കത്തിൽനിന്ന് പുറപ്പെടുന്ന നാഡികളാണ് ശിരോനാഡികൾ. 12 ജോടി ശിരോനാഡികളാണ് മനുഷ്യനുള്ളത്.
* ഏറ്റവും വലിയ ശിരോനാഡി പത്താം ശിരോനാഡിയായ വാഗസ് നാഡിയാണ്.

# The first test tube baby in India

## Selected Questions

1. The father of Modern Medicine:
(a) Herodotus (b) Hanneman
(c) Hippocratus (d) Susruta
2. The father of Biology:
(a) Herodotus (b) Aristotle
(c) Hippocrates (d) Plato
3. The term ‘biology’ was coined by:
(a) Johanson (b) Jean Lamarch
(c) Grigor Mendel (d) Aristotle
4. Charles Darwin made his observations in ........ island.
(a) Cook (b) Falkland
(c) Corsica (d) Galapagos
5. Who discovered Bacteria?
(a) Leuwanhock (b) Louis Pasteur
(c) Edward Jenner
(d) Alexander Flemming
6. The word ‘Genetics’ was used for the first time by:
(a) Gregor Mendel (b) Johanson
(c) William Bateson (d) Lamarch
7. The scientist who is known as ‘Second Darwin’:
(a) Craig Venter (b) Ernest Meyr
(c) W.O. Wilson (d) A.R. Wallace
8. Who discovered Electro Cardiogram?
(a) William Kolf (b) William Harvey
(c) William Einthoven (d) Christian Bernard
9. Who discovered Vaccination?
(a) Louis Pasteur (b) Edward Jenner
(c) Ronald Ross (d) William Harvey
10. The first test tube baby in India:
(a) Indira (b) Durga
(c) Aastha (d) Louis Brown
11. ‘Struggle for Existence’ is one of the main concepts of:
(a) Special Creation Theory (b) Evolution Theory (c) Mutation Theory
(d) Lamarchism
12. Artificial heart was discovered by:
(a) Christian Bernard (b) William Harvey
(c) William Kolf (d) Robert Jarvic
13. Arsphenamine, also known as Salvarsan and 606, is a drug that uses against:
(a) Syphilis (b) Cancer
(c) AIDS (d) Tuberculosis
14. Trypanosomiasis is caused by:
(a) Fungus (b) Virus
(c) Protozoa (d) Bacteria
15. Trypanosome parasites are carried by:
(a) Mosquito (b) Tsetse fly
(c) Rat flea (d) Tiger mosquito
16. Which animal is called ‘Dog cat’?
(a) Lion (b) Tiger
(c) Jaguar (d) Cheetah
17. C.S.F. (Cerebrospinal Fluid) Test is used to diagnose:
(a) Leprosy (b ) AIDS
(c) Meninjitis (d) Malaria
18. The Pygmy Marmoset is the smallest ........ in the world
(a) Monkey (b) Cat
(c) Dog (d) Horse
19. ‘The History of Animals’ was written by:
(a) Aristotle (b) Jean Lamarch
(c) Charles Darwin (d) Da Vinci
20. Which has three hearts—one for each set of gills, and one for the rest of the body?
(a) Tuna (b) Whale
(c) Cuttle fish (d) Jelly fish
21. Which organism has its heart in its head?
(a) Cuttle fish (b) Prawn
(c) Spider (d) Butter fly
22. The term dinosaur was first used by ......... in 1841 in his report on British fossil reptiles.
(a) Robert Owen (b) Charles Darwin
(c) Richard Owen (d) Jean Lamarch
23. Osteocytes are found in:
(a) Blood (b) Lymph
(c) Bones (d) Skin
24. The enzyme that coagulates milk into curd:
(a) Pepsin (b) Citrate
(c) Resin (d) Renin
25. The genetic material of a cell is:
(a) DNA (b) Protoplasm
(c) Cytoplasm (d) Ribosome


### Answers

1 (c) 2(b) 3 (b) 4 (d) 5(a) 6(c) 7(b) 8(c) 9(b) 10(b) 11(b) 12(c) 13(a) 14(c) 15(b) 16(d) 17(c) 18(a) 19(a) 20(c) 21(b) 22(c) 23(c) 24(d) 25(a)

# സൂര്യൻ

## World Geography

* ഭൂമിയുടെ ഏറ്റവും അടുത്തുള്ള നക്ഷത്രമാണ് സൂര്യൻ. സൗരയൂഥത്തിലെ ഏറ്റവും വലിയ അംഗമായ സൂര്യൻ സൗരയൂഥത്തിന്റെ കേന്ദ്രഭാഗത്ത് സ്ഥിതിചെയ്യുന്നു.
* സൗരയൂഥത്തിന്റെ ഊർജകേന്ദ്രമാണ് സൂര്യൻ.
* സൂര്യനെക്കുറിച്ചുള്ള പഠനമാണ് ഹീലിയോളജി. ഗ്രീക്കു പുരാണങ്ങളിൽ സൂര്യൻ ഹീലിയോസ് എന്നും റോമൻ പുരാണങ്ങളിൽ സോൾ എന്നും അറിയപ്പെടുന്നു.
* സൂര്യനിൽനിന്ന് പ്രകാശം ഭൂമിയിലെത്താൻ 500 സെക്കന്റ് വേണ്ടിവരുന്നു.
* പോളിഷ് ശാസ്ത്രജ്ഞനായ കോപ്പർനിക്കസ് സൗരയൂഥത്തിന്റെ കേന്ദ്രം സൂര്യനാണെന്ന സിദ്ധാന്തം ശാസ്ത്രീയമായി അവതരിപ്പിച്ചത്.
* സൂര്യനും എട്ടു ഗ്രഹങ്ങളും 165ലേറെ ഉപഗ്രഹങ്ങളും അഞ്ചു കുള്ളൻ ഗ്രഹങ്ങളും ചേർന്നതാണ് സൗരയൂഥം. സൗരയൂഥത്തിന്റെ ഏറ്റവും അടുത്തുള്ള നക്ഷത്രമായ പ്രോക്സിമ സെന്റോറിയിൽനിന്ന് പ്രകാശം ഭൂമിയിലെത്താൻ 4.2 പ്രകാശവർഷമെടുക്കും.
* സൂര്യൻ കഴിഞ്ഞാൽ ഭൂമിയിൽനിന്ന് കാണാൻ കഴിയുന്ന ഏറ്റവും തിളക്കമുള്ള നക്ഷത്രം സിറിയസാണ്. ഇത് 8.6 പ്രകാശവർഷം അകലെയാണ്. ഭൂമിയുടെ വടക്കുദിശയിൽ സ്ഥിതി ചെയ്യുന്ന നക്ഷത്രമാണ് ധ്രുവനക്ഷത്രം.
* ഭൂമിയുടെ വ്യാസത്തിന്റെ 109 മടങ്ങാണ് സൂര്യന്റെ വ്യാസം (1,392,000 കി.മീ.). വ്യാഴത്തിന്റെ വ്യാസത്തിന്റെ 9.7 മടങ്ങാണ് സൂര്യന്റെ വ്യാസം. ഭൂമിയെക്കാൾ 333000 മടങ്ങ് ഭാരം കൂടിയതാണ് സൂര്യൻ.
* സൗരയൂഥത്തിൽ ഏറ്റവും കൂടുതൽ ഗുരുത്വാകർഷണം അനുഭവപ്പെടുന്നത് സൂര്യനിലാണ്. ഭൂമിയുടേതിനെക്കാൾ 27.9 മടങ്ങാണ് സൂര്യനിലെ ഗുരുത്വാകർഷണം.
* സൂര്യനിൽ ഏറ്റവും കൂടുതലുള്ള മൂലകം ഹൈഡ്രജനാണ്. സൗരയൂഥത്തിന്റെ ആകെ പിണ്ഡത്തിന്റെ 99.86 ശതമാനവും സൂര്യനിലാണ്. അണുസംയോജനം വഴിയാണ് സൂര്യനിൽ ഊർജം ഉൽപാദിപ്പിക്കപ്പെടുന്നത്. വൻതോതിൽ ഹൈഡ്രജൻ ഹീലിയമായി മാറിക്കൊണ്ടിരിക്കുന്ന ഒരു വൻ ആണവ നിലയമാണ് സൂര്യൻ. സൂര്യനിൽ ഏറ്റവും കൂടുതലുള്ള രണ്ടാമത്തെ മൂലകം ഹീലിയമാണ്. സൂര്യനിൽ പ്ലാസ്മാവസ്ഥയിലാണ് ദ്രവ്യം സ്ഥിതി ചെയ്യുന്നത്.
* സൂര്യന്റെ ഉപരിതലത്തിലെ ശരാശരി താപനില 5505 ഡിഗ്രി സെൽഷ്യസാണ്.
* ഏതാണ്ട് 457 കോടി വർഷമാണ് സൂര്യന്റെ പ്രായം. സൂര്യന്റെ ദൃശ്യമായ പ്രതലമാണ് ഫോട്ടോസ്ഫിയർ. സൂര്യന്റെ അന്തരീക്ഷത്തിലെ ഏറ്റവും മുകളിലത്തെ ഭാഗമാണ് കൊറോണ. സൂര്യന്റെ അന്തരീക്ഷത്തിലെ മധ്യഭാഗമാണ് ക്രോമോസ്ഫിയർ.
* ഭൂമിയിലെ ഊർജത്തിന്റെ പ്രധാന ഉറവിടമാണ് സൂര്യൻ. സൂര്യതപത്തിനു കാരണമാവുന്ന, സൂര്യപ്രകാശത്തിൽ അടങ്ങിയിട്ടുള്ള കിരണങ്ങളാണ് അൾട്രാ വയലറ്റ് കിരണങ്ങൾ.
* ഭൂമി സൂര്യനോട് ഏറ്റവും അടുത്തുവരുന്ന ദിവസം ജനുവരി മൂന്നും ഏറ്റവും അകലെ വരുന്ന ദിവസം ജൂലൈ നാലുമാണ്.
* ഭൂമിയും സൂര്യനും തമ്മിലുള്ള ശരാശരി അകലം 15 കോടി കിലോമീറ്ററാണ്.
* സൂര്യനോട് ഏറ്റവും അടുത്തു സ്ഥിതി ചെയ്യുന്ന ഗ്രഹം ബുധനും ഏറ്റവും അകലെ സ്ഥിതി ചെയ്യുന്നത് നെപ്റ്റ്യൂണുമാണ്.
* സൂര്യൻ കഴിഞ്ഞാൽ ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രം പ്രോക്സിമാ സെന്റോറിയാണ്. അതു കഴിഞ്ഞാൽ ആൽഫാ സെന്റോറി.
* ഭൂമിയിൽനിന്ന് നോക്കിയാൽ ഏറ്റവും വലുപ്പത്തിൽ കാണാൻ കഴിയുന്ന നക്ഷത്രം സൂര്യനാണ്. സൂര്യൻ കഴിഞ്ഞാൽ ഭൂമിയിൽനിന്ന് നോക്കിയാൽ ഏറ്റവും വലുപ്പത്തിൽ കാണാൻ കഴിയുന്ന നക്ഷത്രം സിറിയസാണ്. ഇത് ഡോഗ് സ്റ്റാർ എന്നും അറിയപ്പെടുന്നു.
* സൂര്യൻ കഴിഞ്ഞാൽ ആകാശത്ത് കാണുന്ന ഏറ്റവും തിളക്കമുള്ള നക്ഷത്രവും സിറിയസാണ്.
* അറിയപ്പെടുന്നവയിൽവച്ച് ഏറ്റവും വലിയ നക്ഷത്രമാണ് വി.വൈ. കാനിസ് മേജർ.
* സൗരക്കാറ്റുകൾ ഉണ്ടാകുന്നത് പതിനൊന്ന് വർഷത്തിലൊരിക്കലാണ്.
* സൂര്യന് ക്ഷീരപഥത്തിന്റെ കേന്ദ്രത്തെ ഒരു തവണ വലംവയ്ക്കാൻ ആവശ്യമായ സമയമാണ് കോസ്മിക് ഇയർ.
* സൂര്യനിൽനിന്നുള്ള അകലത്തിന്റെ അടിസ്ഥാനത്തിൽ ഗ്രഹങ്ങളുടെ ക്രമം ഇപ്രകാരമാണ്– ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ.
* വലിപ്പത്തിന്റെ അടിസ്ഥാനത്തിൽ ഗ്രഹങ്ങളുടെ ക്രമം ഇപ്രകാരമാണ്– വ്യാഴം, ശനി, യുറാനസ്, നെപ്റ്റ്യൂൺ, ഭൂമി, ശുക്രൻ, ചൊവ്വ, ബുധൻ.
* സൂര്യനിൽനിന്നുള്ള അകലം അനുസരിച്ച് ആദ്യത്തെ നാലു ഗ്രഹങ്ങളെ ആന്തര ഗ്രഹങ്ങൾ എന്നും അകലെയായി സ്ഥിതി ചെയ്യുന്ന നാലെണ്ണത്തെ ബാഹ്യ ഗ്രഹങ്ങൾ എന്നും വിളിക്കുന്നു. ബാഹ്യഗ്രഹങ്ങൾ വാതക ഭീമൻമാർ എന്നും അറിയപ്പെടുന്നു.
* ഇൻഫീരിയർ ഗ്രഹങ്ങൾ എന്നറിയപ്പെടുന്നത് ബുധനും ശുക്രനുമാണ്. ചൊവ്വ മുതൽ നെപ്റ്റ്യൂൺ വരെയുള്ളവ സുപ്പീരിയർ ഗ്രഹങ്ങൾ എന്നറിയപ്പെടുന്നു. ഭൂമിയെ അടിസ്ഥാനമാക്കിയുള്ള സ്ഥാനമനുസരിച്ചാണ് ഈ തരംതിരിക്കൽ.
* യുറാനസും നെപ്റ്റ്യൂണും ആധുനിക ഗ്രഹങ്ങളെന്നും മറ്റു ഭൗമേതര ഗ്രഹങ്ങൾ (ബുധൻ, ശുക്രൻ, ചൊവ്വ, വ്യാഴം, ശനി) ക്ലാസിക്കൽ ഗ്രഹങ്ങൾ എന്നും അറിയപ്പെടുന്നു.
* പ്ലാനറ്റ് എന്ന വാക്കിനർഥം അലഞ്ഞുതിരിയുന്നവൻ എന്നാണ്.




# The Greek equivalent of Venus

## Selected Questions

1. The smallest planet:
   (a) Earth (b) Venus
   (c) Mars (d) Mercury
